# വിദ്യാഭിവർദ്ധിനി.

ഒരു ഉൽകൃഷ്ടപത്രഗ്രന്ഥം.



പുസ്തകം 2

ലക്കം 11

K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY
Date....................
MANNARKKAD

1947 NOVEMBER

As/8

# വിഷയവിവരം.


1 തിരുനാൾ മംഗളാശംസകൾ.

2 തിരുനാൾ മംഗളാശംസ—
എം. ബാലകൃഷ്ണറെഡ്യാർ

3 തിരുവിതാംകൂർ രാജവംശം—
കെ. ഭാനുമതി അമ്മ

4 റാണി ലക്ഷ്മീബായി സി. ഐ. തിരുമനസ്സിലെ ഒരു അപ്രകാശിത കൃതി—
ഉള്ളൂർ

5 Our Languages and Literature—
Sahitya Ratna, S. Sankara Raja Naidu, M. A.

6 നെഹ്റു— ശാസ്ത്രപടുവായ രാഷ്ട്രീയാഗ്രേസരൻ—
എസ്. പരമേശ്വരൻ

7 ഹേസ്യജീവിതം (ചെറുകഥ)—
വള്ളംകുളം, പി. ജി. പിള്ള

8 ഹിന്ദുമുസ്ലിം സംസ്കാരസങ്കലനം—
പി. കെ. പരമേശ്വരൻ നായർ ബി. എ.

9 മൂന്നു രംഗങ്ങൾ—
ഒ. എം. അനുജൻ

18 രാഷ്ട്രഭാഷയും ലിപിപ്രശ്നവും—
എൻ. ഈ. വിശ്വനാഥയ്യർ ബി. ഓ. എൽ.

11 അശ്രുബിന്ദു—
എം. പ്രഭ



വാങ്ങുവിൻ! വായിപ്പിൻ!

തിരുവല്ലാ മഹാക്ഷേത്രത്തിന്റെ സ്ഥലപുരാണം ആസ്പദമാക്കി
സ്വതന്ത്രമായി രചിച്ചിട്ടുള്ള

## ശ്രീവല്ലഭചരിതം

ലഘുകാവ്യം.


വില രൂപാ ഒന്നുമാത്രം.

ഗ്രന്ഥകാരൻ, വിദ്വാൻ, വി. കൃഷ്ണൻനമ്പൂതിരി, M. R. A. S.
തുകലശ്ശേരി, തിരുവല്ലാ A.O. & P .O.


## വരിക്കാരോട്.

വോട്ടേഴ്സ് ലിസ്റ്റിന്റെ ജോലിത്തിരക്കുമൂലം "വിദ്യാഭിവർദ്ധിനി മാസിക"യിൽ ഈ ലക്കത്തിൽ എട്ടുപേജു കുറവുണ്ട്. ഈ കുറവ് അടുത്ത ലക്കത്തിൽ പരിഹരിക്കുന്നതാണ്. അടുത്ത ലക്കത്തോടുകൂടി 1947 അവസാനിക്കുന്നു. വരിസംഖ്യ അടച്ചിട്ടില്ലാത്തവർ 1947 ഡിസംബർ ലക്കം പുറപ്പെടുന്നതിനു മുമ്പ് വാർഷികവരിസംഖ്യ അയച്ചുതന്നു സഹായിക്കണമെന്ന് അപേക്ഷ.

മാനേജർ.



പ്രാതഃകാലത്തൊരിക്കൽ പ്രണവമധുരമാമാഷ്പപൂതം മതത്തിൻ-
സ്വാതന്ത്ര്യോദ്ബുധശംഖധ്വനിയവിടെ മുഴക്കിച്ചൊരാ കർമ്മധീരൻ;
സ്ഥിതശ്രീ രാജ്യതന്ത്രജ്ഞതയുടെ പുടപാകത്തിൽ "നാട്ടാക്കു നാടെ"-
ന്നാതങ്കംവിട്ടു കല്പിച്ചൊരു നൃപതി ജയിക്കട്ടെ ചിത്രർക്ഷജാതൻ.

## വിഷയവിവരം.


1 തിരുനാൾ മംഗളാശംസകൾ

2 തിരുനാൾ മംഗളാശംസ—
[illegible]

3 തിരുവിതാംകൂർ [illegible]—
[illegible]

4 റാണി ലക്ഷ്മീബായി [illegible]
[illegible]—
[illegible]

5 Our Languages and Literature—
Sahitya Ratna, S. Sankara Raja Naidu M. A.

6 നെഹ്റു— ശാസ്ത്രപട്ടവായ രാഷ്ട്രീയാഗ്രേസരൻ—
എസ്. പരമേശ്വരൻ

7 ഹേസ്റ്റിങ്സ് വിചാരം (തുടർച്ച)—
വള്ളംകുളം, പി. ജി. പിള്ള

8 ഹിന്ദുമുസ്ലീം സംസ്കാരസങ്കലനം—
പി. കെ. പരമേശ്വരൻ നായർ ബി. എ.

9 [illegible]—
കെ. എം. [illegible]

10 രാഷ്ട്രഭാഷയും ലിപിപ്രശ്നവും—
എൻ. [illegible] ബി. ഓ. എൽ.

11 [illegible]—
എം. [illegible]


വാങ്ങിൻ! വായിപ്പിൻ!

തിരുവല്ലാ [illegible]

ലഘുകാവ്യം.

[illegible]

ഗ്രന്ഥകർത്താവ്, വിദ്വാൻ, പി. [illegible], M. R. A. S.
[illegible], തിരുവല്ലാ A.O. & P.O.

## വരിക്കാരോട്.

[illegible] "വിദ്യാർത്ഥിമാസിക"യിൽ [illegible] കുറവുണ്ട്. ഈ കുറവ് അടുത്ത ലക്കത്തിൽ പരിഹരിക്കുന്നതാണ്. അടുത്ത ലക്കത്തോടുകൂടി 1947 അവസാനിക്കുന്നു. വരിസംഖ്യ അടച്ചിട്ടില്ലാത്തവർ 1947 [illegible] മുമ്പ് വാർഷികവരിസംഖ്യ അയച്ചുതന്നു സഹായിക്കണമെന്ന് അപേക്ഷ.

മാനേജർ.



# വിദ്യാഭിവർദ്ധിനി.

സരസ്വതി! നമസ്തുഭ്യം വരദേ! കാമരൂപിണി!
വിദ്യാരംഭം കരിഷ്യാമി സിദ്ധിർഭവതു മേ സദാ.

പുസ്തകം ൨. { ൧൧൨൨ തുലാം. } ലക്കം ൧൧.


## തിരുനാൾ മംഗളാശംസകൾ.

രോമാഞ്ചപ്രദമാം സ്വകർമ്മതതിയാൽ വാഴുന്നോരു പൊന്നാടിനെ-
ച്ചീമാന്മാരുടെ മിഴിക്കിടയിലൊന്നലയേറ്റിച്ച ചിത്രക്ഷമജൻ
പൂമാതിൻകണവന്റെ പൂർണ്ണമഹനീതൻലാഭത്തിനാൽ ധന്യനായ്
ക്ഷേമാരോഗ്യമിയന്നു വാഴ്ക നെടുനാളസ്മൽസമസ്തേശ്വരൻ.

ഉള്ളൂർ.

സ്വന്തം ശൌര്യനയോകർക്കുട്ടിയ സഭയ്ക്കൊന്നു, മാഴ്കുന്നാം
സ്വാതന്ത്ര്യം നാടിനേകമായ മലയാളത്തിൽപ്പെട്ടതാണമ
അന്തസ്സ്യാഗ—വശാലഭാവനകളാൽത്തീർപ്പുത്തുംഗശ്രീശനോ-
ടൊത്തേൻതങ്ക പ്രഭമാർന്നു മിക്ക, വിനയശ്ലേഷാന്ന ഭവനാടർക്കോൻ!

വള്ളത്തോൾ.

നാടാകെ, ധർമ്മനിഷ്ഠാനിരത ഹൃദയനായ് ഭൂരിസൗഭാഗ്യവൃക്ഷി-
ക്കടാന്മേള്ളാരെന്തിൻപടി വടിവിനോടെ പൊൽത്തത്ത്വ പ്രശസ്ത്യാ
വാടാതുള്ളച്ഛകീർത്തിച്ഛട ദിശിവിതറി ക്രോധലോഭകാമ-
ക്കേടാകെപ്പോക്കിവാഴും ധരണിപതിജയിക്കട്ടെ വഞ്ചീന്ദ്രനെന്നും.

വടക്കുംകൂർ, രാജരാജവർമ്മരാജാ.

ഏതിൽക്കൂടിജ്ജയിപ്പൂ ഭരണകല?—യതിൽ; സ്വച്ഛഭാരണ്യത്തിൽ;-
പ്രീതിപ്പെട്ടുള്ള പത്മക്രമമൊടണ്ടാനം നാട്ടിൽ കഷ്ടമകി,
സ്വാതികപ്പാടി പൂർവ്വക്കടയസരണിയിലൂടി മുന്നാട്ടുനീങ്ങി-
ജ്ജ്യോതിഷ്പൂർണ്ണം കനക്കത്തിലവഴി വിജയിക്കട്ടെ ചിത്രാവനീന്ദ്രൻ!

വെണ്ണിക്കുളം.—

പണ്ടേറച്ചെയ്ത പുണ്യപ്രചുരിമയുടെ ഫലംകൊണ്ടു വഞ്ചിക്ഷിതിക്കും-
ക്കൊന്നിട്ടുംഭൂതമാം കൺകുളിർത്തടവിന ചിത്രാ! ഫലിത്ത ബൃന്ദാരശ!
കണ്ടാരുംവിസ്മയിക്കുംപടി പട്ടവിഭവപ്രൗഢവിൽ തൻ തിരുനാൾ
കൊണ്ടാടിക്കണ്ടു പാരാണ്ടരുളുക! പലനൂറാണ്ടു മേലാണ്ടുമേന്മേൽ.

കീഴ്കുളം, എൻ. രാമൻപിള്ള, എം. എ.

സ്വാതന്ത്ര്യപ്രാജ്ഞഷസ്സിൽ ഭുവനമഖിലവും മാറൊലിക്കൊള്ളുമാറാ-
രോമൽക്ഷേത്രത്തിലുഗ്രവ്രതമൊട്ട സമരാശംഖനാദം മുഴക്കി,
ജാതസ്നേഹാർദ്രഹൃത്തായ് ഭിദമറുമുത്താരക്ഷേമതാൽപ്പുഷ്ടമല്ലോ
ചാർത്തുകത്തിൽ കളമസ്സുകൃതഫലിതമെന്നമ്പുരാൻ വാഴ്ക നീണാൾ.

എം. പി. അപ്പൻ, എം. എ; എൽ. ററി.

ഓമലാളുംനാമമാം പരിഷ്കൃതിയൊരാരാന്നാമലെ വിറചെത്തുമച-
ത്താരാചിന്ദ്ര നസ്സു നൈവ ചരിതം രമ്യംവിളങ്ങുന്നത
സ്ഫാരാനന്ദസ്സു പ്ഷ സൂപനേതാരണനം യശസ്സമ്പന്ന-
ശ്രീരാജദ്വഞ്ചിരാജ! വിജയിച്ചലും ചിരം മംഗളം!!

സാഹിത്യശിരോമണി, പി. കെ. ഗോവിന്ദപ്പിള്ള, ബി. എ. എൽ.

ഏതാദശാന്തിരമതിന്നേതോരു ഭേണപരിഷ്കാരമുണ്ടാകിലും ന-
ന്നേതാവതർക്കാവമുണ്ടാവണുവിധിനിയും വഞ്ചിനാട്ടുക്കു ദേവണം
ശ്രീതാവും രാജവംശത്തിനഖിലമതുവാൻ ഭാഗ്യമമ്മട്ടമെസ്സൂ-
ത്രാതാവാം ചിത്തിരക്കുന്നതിരുവടി വിജയ ഭേണമാചന്ദ്രതാരം.

വാരനാട്ടു, കെ. പി. ശാസ്ത്രികൾ.

അരുളും ചൈത്രാംഗാനോതിയൊടു സമന്നാംനവം മന്നിലൊത്താൽ
വാഴേറീട്ടും പ്രജരഞ്ജനമെന്നമിതുപോലാക്ക പാർത്തിട്ടില്ലുമ്മോ
കാരുണ്യംപൂണ്ടത ദ്രുതനാമവാക്കലും സാഹസങ്ങളിൽച്ചേ-
ർത്തോരന്ത്യമ്പ്രഹത; അരുളിയനൂപാത്തം സ്വാമി വാഴ്ക നീണാൾ.

സാഹിത്യശിരോമണി, വി. നരസിംഹശാസ്ത്രി—വിദ്വാൻ.

നിത്യാഭ്യാതിപരത്തിട്ടും മഹിതമാം ക്ഷേത്രപ്രവേശം, തഥാ-
സ്തൂപവ്ഹാംവധരാജ, മാതൃഭാഷാപ്രചാരം, മദ്യാദിയായ്,
വിപ്പംന്തു നന്നമ നട്ടിനരുളാൻ ജന്മം സമ്പ്ലൂശ്രീ-
ചിത്രാധീശൻ പാലമൗലി സുചിരം വാഴേണമേ! ഭൈപമേ!!

ലേഡീവിദ്വാൻ, മുതുകുളം പാർവ്വതിഅമ്മ.

നിത്യം പ്രബുദ്ധജനഹൃദയഭ ഭാഷ-
സിദ്ധികളിണങ്ങിയ പരിഷ്കൃതിയെത്തുമേന്മേൽ
കൃത്യപ്പടക്കുമതിമാനായ് വിജയിച്ചിടും ശ്രീ
ചിത്രക്ഷിതീശൻ സസുഖമായിമരണ്ടുവാഴ്ക.

കെ. ശാന്തമതിഅമ്മ.

# തിരുനാൾ മംഗളാശംസ.

(എം. ബാലകൃഷ്ണയ്യർ)

ശ്രീവാഴുംകോടിനെ അനുഗ്രഹിക്കാൻ മുപ്പത്തഞ്ചാമത്തും ഇതാ ശ്രീചിത്തിരനക്ഷത്രം സമുജ്ജ്വലമായി ഉദിച്ചുയൎന്നിരിക്കുന്നു! സൂൎയ്യനെപ്പോലും ഇത്ര തേജസ്സില്ല, ചന്ദ്രനെപ്പോലും ഇത്ര കാന്തിപ്രസരം ഇല്ല, അഗ്നിയെപ്പോലും ഇത്ര പ്രകാശം ഇല്ല; ഈ നക്ഷത്രത്തിനു് ഇത്രമാത്രം വൈശിഷ്ട്യം എങ്ങനെ ഉണ്ടായി? ശ്രീ പത്മനാഭദാസനായ മഹാമഹിമാതിശാലി ശ്രീബാലരാമവൎമ്മമഹാരാജാവിനെ അതു് ആശ്രയിച്ചതുകൊണ്ടുതന്നെയാണു് ഈ മഹിമയും ഈ വിശേഷതരതയും ഇതിനുണ്ടായതു്; മറ്റൊന്നുകൊണ്ടല്ല. അപ്രമേയമഹിമാവായ ആ പൊന്നുതമ്പുരാൻ സൎവ്വോൽക്കൎഷേണ വിജയിക്കട്ടെ!

ഈ മഹനീയമായ ചൈത്രനക്ഷത്രം ഉദിച്ചതുമുതൽ, അതിന്റെ തേജഃപ്രകൎഷം വൎദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു; മുഹുൎമ്മുഹു അനുഗ്രഹപ്രകാശം ചൊരിഞ്ഞുകൊണ്ടുതന്നെയിരിക്കുന്നു! അനേകലക്ഷം പേരുടെ നേരെ എത്രയോ നൂറാണ്ടുകളായി അടഞ്ഞുകിടന്ന അതിഭീമങ്ങളായ ക്ഷേത്രകവാടങ്ങൾ ഏതൊരു മഹാനുഭാവനായ തിരുമേനിയുടെ ചെറുതായ തൂലികാചലനംകൊണ്ടു പൊടുന്നനവെ തുറക്കപ്പെട്ടുവോ ആ മഹാരാജാധിരാജനെ എങ്ങനെയാണു വാഴ്ത്തുക, എങ്ങനെയാണു് ആ മഹോദാരചരിതനോടു കൃതജ്ഞത പറയുക; അതിമഹത്തായ ആ സ്വാതന്ത്ര്യപ്രദാനം ഭാരതത്തെ മാത്രമല്ല, ലോകത്തെ മുഴുവനും പുളകമണിയിച്ചു! അസമത്വത്തെ എന്നെന്നേക്കുമായി പാടേ നിൎമ്മാൎജ്ജനം ചെയ്ത ആ തൂലികാവൈഭവത്തിനു് അനേകകോടി നമസ്കാരം!

സൂൎയ്യചന്ദ്രാദികൾ ബാഹ്യമായ അന്ധകാരം മാത്രമേ നശിപ്പിക്കുന്നുള്ളു. ആഭ്യന്തരമായ അന്ധകാരത്തെ അകറ്റുന്നതു യഥാൎത്ഥവിദ്യയാകുന്നു. ആ വിദ്യയെ അത്യന്തം ഉൽക്കൎഷത്തിലേക്കു ഉയൎത്താനും തദ്വാരാ ശ്രീവാഴുംകോടിന്റെ ആന്തരസത്തയെ പ്രകാശമയമാക്കാനും ആണു് തിരുവിതാംകൂർ സൎവ്വകലാശാല സംസ്ഥാപിതമായതു്. "കൎമ്മണി വ്യജ്യതേ പ്രജ്ഞാ" എന്നുള്ള അതിന്റെ മുദ്രാവാക്യം, സിദ്ധാന്തദശയിൽ മാത്രമല്ല, പ്രായോഗികദശയിലും ആ സൎവ്വകലാശാലയിലെ വിദ്യ സമുൽക്കൃഷ്ടമായി പ്രവൎത്തിക്കുന്നുണ്ടു് എന്നതിനെ സുവ്യക്തമാക്കുന്നു. തദ്ദേശമായ വിദ്യ പ്രകാശത്തെ വ്യാപകവും സൎവ്വോപകാരമണീയവും ആക്കുന്നതിനു് നിർബന്ധിതപ്രാഥമികവിദ്യാഭ്യാസപദ്ധതിയും ഇതാ നടപ്പിൽ വന്നിരിക്കുന്നു. ഇങ്ങനെയുള്ള ഗോവിലാസങ്ങൾകൊണ്ടു് രാജ്യത്തെ പ്രകാശമാനമാക്കി മാനത്തിൽ ഉയൎന്നു പരിശോഭിക്കുന്ന ആ ലോകബന്ധു നിതരാം വിജയിക്കട്ടെ!

"ധൎമ്മോƽസ്മൽകുലദൈവതം" എന്നതു് വഞ്ചിരാജകുടുംബത്തിന്റെ വിശേഷതരമായ മുദ്രാവാക്യമാണു്. ആ ധൎമ്മത്തിൽ അഹിംസ അത്യധികമായ പ്രാധാന്യം അൎഹിക്കുന്നു. അഹിംസാതത്വം തിരുമനസ്സിന്റെ ഹൃദയത്തെ ഭാസുരവും കരുണാൎദ്രവും ആക്കിയിട്ടുണ്ടു്. അതുകൊണ്ടാണു് വധശിക്ഷയുടെ ഔചിത്യത്തെപ്പറ്റി മൃദുലമായ ആ ഹൃദയം ചിന്താകുലമായതു്. ആ ഉൽക്കൃഷ്ടചിന്തയുടെ പരിണതഫലമായിരുന്നു വധശിക്ഷ നിൎത്തിക്കൊണ്ടുള്ള തിരുവെഴുത്തുവിളംബരം! വിശേഷാൽതരമായ ആ വിളംബരത്തിനു പ്രേരിപ്പിച്ച കാരുണ്യശീലവും ഉൽക്കൃഷ്ടചിന്താസുന്ദരവുമായ ആ ഹൃദയത്തെ നമുക്കു ഭക്തിപൂൎവ്വം നമസ്കരിക്കാം!!

വീണ്ടും ഇതാ പൊൻചിങ്ങമാസത്തിലെ പുന്തിരുവോണത്തിന്റെ മഹിമയേയും മങ്ങിക്കുന്ന മറ്റൊരു തിരുവെഴുത്തുവിളംബരം! പരിപൂൎണ്ണമായ സ്വയംഭരണം നാട്ടുപ്രജകൾക്കു് അനുവദിച്ചുകൊണ്ടുള്ള വിശ്വവന്ദ്യമായ മഹാവിളംബരം! ക്ഷേത്രപ്രവേശനത്തെ വിളംബരംചെയ്ത തൂലിക പ്രസ്തുതവിളംബരംകൊണ്ടു് യശോമ

# തിരുവിതാംകൂർ രാജവംശം.

(കെ. മാന്മതിഅമ്മ)

നമ്മുടെ തിരുവിതാംകൂർ രാജവംശം പ്രാചീനത്വംകൊണ്ടും പ്രാധാന്യംകൊണ്ടും അനാദൃശമായ പ്രശസ്തി സമാർജ്ജിച്ചിട്ടുള്ള ഒന്നാണു്. പെരുമാക്കന്മാർ കേരളം ഭരിക്കാൻവന്ന കാലത്തുതന്നെ തിരുവിതാംകൂറിൽ ഒരു രാജകുടുംബം ഉണ്ടായിരുന്നു എന്നുള്ള നിലയ്ക്കു് മതിയായ ലക്ഷ്യങ്ങൾ ഉണ്ടു. സ്ഥാണുരവിഗുപ്തപ്പെരുമാൾ യൂദന്മാർക്കു് എഴുതിക്കൊടുത്തിട്ടുള്ള ചെമ്പുട്ടയത്തിൽ അഞ്ചു സാക്ഷികൾ ഉള്ളതിൽ ഒന്നാമത്തെ സാക്ഷിവാചകമായ "ഉപ്പുടി അറിവൻ വേണാട്ടുടയ ഗോവർദ്ധൻ" എന്നതു് തിരുവിതാംകൂർ (വേണാട്ട) രാജാവിനെ ഉദ്ദേശിച്ചായിരുന്നു. ഇതിൽ നിന്നും വേണാട്ടുരാജകുടുംബത്തിന്റെ പുരാതനത്വം പ്രത്യക്ഷമാകുന്നു.

ദക്ഷിണഭാരതത്തിൽ തെക്കുവടക്കു് കന്യാകുമാരിക്കും തിരുപ്പതിമലയ്ക്കും, കിഴക്കുപടിഞ്ഞാറു് ഇന്ത്യാമഹാസമുദ്രത്തിനും അറബിക്കടലിനും മദ്ധ്യസ്ഥിതിചെയ്യുന്നതും "തമിഴകം" എന്നറിയപ്പെട്ടിരുന്നതുമായ ഭൂഭാഗം ഭരിച്ചിരുന്ന ചേരചോളപാണ്ഡ്യരാജവംശങ്ങളിൽ, പ്രഖ്യാതമായ പ്രാധാന്യം അർഹിക്കുന്ന ചേരരാജവംശപരമ്പരയിൽപെട്ടതാണു് ഇന്നു തിരുവിതാംകൂർ വാണരുളുന്ന രാജവംശം. ചോളപാണ്ഡ്യരാജവംശങ്ങൾ നാമാവശേഷമായിപ്പോയിട്ടു് കാലം കുറച്ചധികമായി. കൊച്ചി, തിരുവിതാംകൂർ രാജകുടുംബങ്ങൾ ചേരരാജവംശപരമ്പരയെ നിലനിർത്തിപ്പോരുന്നു. ശ്രീ പരശുരാമസൃഷ്ടമായ കേരളത്തിൽ ഒന്നാമത്തെ ചക്രവർത്തിയായി

---

കുടം ചാർത്തിനിൽക്കുന്നു. തിരുമനസ്സിന്റെ ഹൃദയാകാശത്തിൽ വിരാജിക്കുന്ന നീലമേഘം, തൃഷാകുലങ്ങളായ പ്രജാവലികളാം ചാതകങ്ങളെയാണു് അമൃതവർഷംകൊണ്ടു് അനുഗ്രഹിച്ചിരിക്കുന്നതു്! മറെറാരു മഹീപാലനും ഇതേവരെ സാധിക്കാത്തവണ്ണം അത്രമാത്രം സമ്പൂർണ്ണവും ഐശ്വര്യമയവും നിഷ്കളങ്കവും ആയിരിക്കുന്ന ഇപ്രകാരത്തെ ഈ സ്വയംഭരണദാനവിളംബരം! പ്രസ്തുത വിളംബരം ദാനംചെയ്ത മഹത്സ്വഭാവത്തോടു കിടനില്ക്കാൻ മറെറതു സ്വഭാവമാണു ലോകത്തിലുള്ളതു്? പ്രക്ഷുബ്ധമായ അന്തരീക്ഷത്തെ ഒരു നിമിഷത്തിൽ പ്രശാന്തസുന്ദരമാക്കിയ ആ ഐന്ദ്രജാലികവിലാസം, ഭയങ്കരമായ അഗ്നിജ്വാലയെ സുശീതളമായ അമൃതധാരയാക്കി മാററിയ ആ മായാവൈഭവം, നൈരാശ്യപാരവശ്യത്തെ പ്രത്യാശാഭാസുരമാക്കിയ ആ കലാകൗശലം സന്തപ്തപാപ്പത്തെ ആനന്ദമന്ദസ്മിതമാക്കിയ ആ കാരുണ്യപ്രസരം ആരുടെ മഹാമാനാദരങ്ങളെയാണു് ആർജ്ജിക്കാത്തതു്! ആരെയാണു് അത്ഭുതപുളകം അണിയിക്കാത്തതു്!

ഇങ്ങനെ അനവരതം അരുളുന്ന അനുഗ്രഹ

ദീപാവലിയാൽ രാജ്യത്തിനെ പ്രകാശപൂരത്തിൽ ആറാടിക്കാനുള്ള ഒരു മഹാപുരുഷനാണു് ശ്രീചിത്തിരതിരുനാളിൽ തിരുവവതാരം ചെയ്തിരിക്കുന്നതു് എന്നു സൂചിപ്പിക്കാനായിരിക്കണം മുപ്പത്തഞ്ചുവർഷം മുമ്പുതന്നെ തിരുമനസ്സിലെ ജന്മനക്ഷത്രം ദീപാവലിയുടെ സമുജ്ജ്വലശോഭയിൽക്കൂടി ഉദിച്ചുയർന്നതു്. നമ്മുടെ പൊന്നുതമ്പുരാന്റെ മഹാദാനങ്ങളെ വർണ്ണിക്കാൻ കൗതുകംകൊണ്ടു് ആവേശത്തോടെ മുന്നോട്ടുപായുന്ന എന്റെ സാധുതൂലികേ! നിന്റെ ശ്രമം വ്യർത്ഥംതന്നെ. ഭൂമിയുടെ അവസാനംവരെ നീ പ്രയത്നിച്ചാലും അന്തം കാണുകയില്ല! അതുകൊണ്ടു് മനസ്സില്ലാമനസ്സോടെ എങ്കിലും ഒന്നു വിരമിക്കുക. നമുക്കു് ആ മഹാനുഭാവനായ നമ്മുടെ മഹാരാജാവിനു ആയുരാരോഗ്യസൗഖ്യങ്ങൾ അനന്തമായി വർദ്ധിക്കാൻ ശ്രീപത്മനാഭനോടു നിഷ്കളങ്കം പ്രാർത്ഥിക്കാം! മംഗളം! അനന്തമായ മംഗളം! അനവദ്യമായ മംഗളം!

അഭിഷേകം ചെയ്യപ്പെട്ട രാമവിക്രമന്റെ സന്തതികളാണ് തിരുവിതാംകൂർ മഹാരാജാക്കന്മാർ എന്നൊരു ഐതിഹ്യമുണ്ട്.

കൊല്ലത്തു താമസം ഉറപ്പിച്ചു് ഭരണം ആരംഭിച്ച ചേരവംശത്തിന്റെ ഒരു ശാഖയാണ് ക്രിസ്തുവർഷം 825-ൽ കൊല്ലവർഷം സമാരംഭിച്ചതു്. തിരുവിതാംകൂർ രാജവംശം ഈ കൊല്ലം ശാഖയിൽപെട്ടതാണ്. കൊല്ലം രാജവംശത്തിന്റെ ഭരണമണ്ഡലം കന്യാകുമാരിമുതൽ തിരുവല്ലാവരെ വ്യാപിച്ചിരുന്നു. ഈ രാജ്യത്തിന്റെ പേര് "കൂപകഖണ്ഡം" എന്നായിരുന്നു. കാലക്രമത്തിൽ കൊല്ലംരാജവംശം രണ്ടായി പിരിയുകയും ഒന്ന് കൊല്ലത്തുതന്നെയും മറേറതു് കല്ക്കുളത്തും താമസിക്കയുംചെയ്തു. കല്ക്കുളത്തിന്റെ രാജധാനി പത്മനാഭപുരം ആയിരുന്നു. കല്ക്കുളം ശാഖയിൽ "സംഗ്രാമധീരൻ" എന്ന അപരാഭിധാനമുള്ള പ്രതാപവാനായ രവിവർമ്മകുലശേഖരൻ എന്ന രാജാവ് കേരളം മുഴുവൻ കൈവശപ്പെടുത്തുകയും കാഞ്ചീപുരത്തുവച്ചു് അഭിഷിക്തനാകയും ചെയ്തു. സംഗ്രാമധീരന്റെ കാലശേഷം അദ്ദേഹം കീഴടക്കിയ മിക്കവാറും രാജ്യങ്ങളും നഷ്ടപ്പെട്ടു. എന്നിട്ടും പോർട്ടുഗീസുകാർ കേരളത്തിൽ വന്നപ്പോൾ തിരുവിതാംകൂർ കേരളത്തിലെ ഒരു പ്രധാനപ്പെട്ട രാജ്യമായിരുന്നു. "ഡിബറോസ്" എന്ന പോർത്തുഗീസു ചരിത്രകാരൻ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്: "പോർട്ടുഗീസുകാരായ ഞങ്ങളുടെ ആഗമനകാലത്തു് കേരളത്തിൽ പ്രബലമേറിയ രാജ്യം തിരുവിതാംകൂർ ആയിരുന്നു. തിരുവിതാംകൂർ രാജാവ് മററു നാടുവാഴികളെക്കാൾ ശക്തിയേറിയവനായിരുന്നതിനാൽ "റെഗ്രാൻറ" എന്നാണ് ഞങ്ങളുടെ ആളുകൾ അദ്ദേഹത്തെ അഭിസംബോധനം ചെയ്തിരുന്നതു്."

കൊല്ലവർഷം 710-ൽ നാടുനീങ്ങിയ "രാമവർമ്മ മാർത്താണ്ഡവർമ്മ മഹാരാജാവ്" വിശ്രുതനായ ഒരു ഭരണാധികാരിയായിരുന്നു. ഈസ്റ്റിന്ത്യാ കമ്പനിയുമായി ആദ്യം ഉടമ്പടിയിൽ ചേർന്ന ഏതദ്ദേശീയരാജ്യങ്ങളിൽ ഒന്നാണ് തിരുവിതാംകൂർ. കൊല്ലവർഷം 904 മുതൽ യഥാക്രമം ഇരുപത്തൊൻപതും നാല്പതും സംവത്സരം വാണരുളിയ പ്രകീർത്തിതനായ "മാർത്താണ്ഡമഹീപതിയും" അഭയദാനദീക്ഷിതനായ "ധർമ്മരാജാവു"മാണ് ആധുനികതിരുവിതാംകൂർ സംസ്ഥാനത്തിന്റെ സംസ്ഥാപകന്മാർ.

"ഈരാജ്യവും നമ്മെയുമത്രമാത്രം
പോരാതെയെൻ മൽക്കുലവും കൃപാലോ;
പാരാകവേ വാരാധിയിൽ മുങ്ങുമാളം
വാരാശിശായിൻ! പരിരക്ഷ ചെയ്ക"

എന്നു് വിശ്വാസപൂർവ്വമായി പ്രാർത്ഥിച്ചുംകൊണ്ടു് ഉടവാൾ വീണ്ടും തൃക്കരത്തിലേന്തി, ഒന്നാമത്തെ ശ്രീപത്മനാഭദാസനായി രാജ്യപരിപാലനകൃത്യം സമാരംഭിച്ച "മാർത്താണ്ഡവർമ്മമഹാരാജാവിന്റെ സർവ്വാത്മനാമായ തൃപ്പടിദാനത്തിൽ സംപ്രീതനായി ഒരു കവിവര്യൻ പാടീട്ടുള്ളതു് ഇങ്ങനെയാണ്.

"ആപത്തുദിക്കാതെ ഭുവം ഭരിക്കും
ഭൂപാലരങ്ങിങ്ങിതികത്തിലേവം
ശ്രീപത്മനാഭൻ സ്വയമൊത്തു നിത്യം
സ്വാപത്തൊടുംതത്ര മുദാ ശയിപ്പൂ"

ഏകദേശം എണ്ണായിരം ചതുരശ്രമൈൽമാത്രം വിസ്തീർണ്ണമുള്ള ശ്രീവാഴുംകോടായ ആധുനികതിരുവിതാംകൂർ ഇൻഡ്യാമഹാരാജ്യത്തിന്റെ തെക്കുപടിഞ്ഞാറേ കോണിൽ സഹ്യപർവ്വതത്തിനും അറബിക്കടലിനും ഇടയ്ക്കു കിടക്കുന്നു. കായലുകൾ, തോടുകൾ, റോഡുകൾ, മേടുകൾ ഇവകൊണ്ടും തേങ്ങ, കമുക്, പനസം, ഏലം, ഇഞ്ചി, മുളക് മുതലായ ഉല്പന്നങ്ങൾകൊണ്ടും മററും നമ്മുടെ സംസ്ഥാനം "ഭൂലോകസ്വർഗ്ഗം" തന്നെ എന്നു പറയാം. രാജധാനിയും തലസ്ഥാനനഗരവുമായ തിരുവനന്തപുരം "പ്രതിഫലിതയായി പശ്ചിമാംഭോധി തന്നിൽ സുരനഗരിതാൻ കണ്ടിടുന്നെന്നു തോന്നും."

മാർത്താണ്ഡകുലവൈഭവത്താൽ ശ്രീപത്മനാഭദാസരായ വേണാട്ടധിപന്മാർ "ധർമ്മോസ്മത്കുലദൈവതം" എന്ന മുദ്രാവാക്യം സദാ സ്മരിച്ചും, പ്രജാഹിതം രാജചിഹ്നമായി കരുതിയും മഹീ

പാലനകൃത്യം നിഷ്കൃഷ്ടം നിർവഹിക്കുന്ന മഹാത്മാക്കളാണല്ലോ. സംഗീതസാഹിത്യാദികലകളിൽ പ്രാഗത്ഭ്യം നേടിയ ഗർഭശ്രീമാൻ സ്വാതിതിരുനാൾ, നമ്മുടെ സംസ്ഥാനത്തിന് മാതൃകാരാജ്യം എന്ന അപരാഭിധാനം സമാർജ്ജിച്ച ആയില്യം തിരുനാൾ കൃത്യശ്രദ്ധകൊണ്ടും രാജ്യസ്നേഹംകൊണ്ടും എല്ലാവരുടേയും ആരാധന അർഹിച്ച വിശാഖം തിരുനാൾ, രാജർഷി എന്ന അപൂർവ്വനാമത്തിനു സർവ്വഥാ അർഹനായ മൂലംതിരുനാൾ തുടങ്ങിയ പ്രമുഖരായ തിരുമേനിമർ പ്രജാവലിക്ക് നിരവധി ശാശ്വതനന്മകൾ ചെയ്തിട്ടുള്ള ഭരണാധികാരികളായിരുന്നു. "രാജാ പ്രകൃതിരഞ്ജനാത്" എന്ന ആപ്തവാക്യം അന്വർത്ഥമാക്കുന്ന അവരെ ആരാധിക്കുന്നതും ആരാധിക്കേണ്ടതും യഥാർത്ഥപൗരന്മാരുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമല്ലേ.

കൊല്ലവർഷം 1112 തുലാമാസത്തിൽ പ്രഖ്യാപിതമായ ക്ഷേത്രപ്രവേശനവിളംബരത്താൽ "ജയിത്താച്ചടനവിഷയത്തിൽ ഭാരതചക്രവർത്തിയായി" തീർന്നിരിക്കുന്ന ശ്രീപത്മനാഭദാസവഞ്ചിപാല ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മമഹാരാജാവ് തിരുമനസ്സുകൊണ്ട് പന്ത്രണ്ടാമത്തെ വയസ്സിൽ 1100 ചിങ്ങമാസം 11-ാംതീയതി മുതൽ രാജ്യഭാരം ചെയ്തുവരുന്നു. ഏഴു വർഷത്തെ മഹനീയമായ റീജൻസിഭരണശേഷം 1107 തുലാത്തിലാണ് തിരുമനസ്സുകൊണ്ട് ഭരണാധികാരം കൈക്കൊണ്ടത്. ഈ പതിനഞ്ചു സംവത്സരക്കാലത്തിനിടയ്ക്ക് ഈ സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുള്ള രാജ്യശ്രേയസ്കരങ്ങളായ പരിഷ്കാരങ്ങളെ പര്യാലോചിക്കുമ്പോൾ അത്ഭുതത്തിനേ അവകാശമുള്ളൂ. ആരോഗ്യസംരക്ഷണകാര്യത്തിലും, കൃഷി വ്യവസായ വാണിജ്യവിഷയത്തിലും, വിദ്യാഭ്യാസപരമായും നഗരസംവിധാനം സംബന്ധിച്ചും ആധ്യാത്മികമായും തിരുമനസ്സുകൊണ്ട് ആധുനികലോകഗതിക്കനുരൂപമായ പരിഷ്കാരങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. അവയിൽ ക്ഷേത്രപ്രവേശനവിളംബരം, സർവ്വകലാശാലാസ്ഥാപനം, പള്ളിവാസൽ വിദ്യുച്ഛക്തിപദ്ധതി, നിർബ്ബന്ധിതപ്രാഥമികവിദ്യാഭ്യാസപ്രസ്ഥാനം ആദിയായവ തിരുമേനിയുടെ ശാശ്വതസ്മാരകങ്ങളായി ഊഴിയാഴിയിലാകുന്നതുവരെ നിലനിൽക്കുന്നതാണ്.

ദ്വിമണ്ഡലസഭ കാലോചിതമായി പരിഷ്കരിച്ച്, പ്രജകളുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും നിവേദിപ്പിക്കുവാനും നിവൃത്തിമാർഗ്ഗങ്ങൾ കല്പിക്കുവാനും യഥോചിതമായവിധം തിരുമനസ്സുകൊണ്ട് ശ്രീമൂലം സഭയും, ശ്രീചിത്തിരാ കൗൺസിലും സംഘടിപ്പിച്ചിരിക്കുന്നു. കൂടാതെ പ്രായപൂർത്തിവോട്ടവകാശം സ്ത്രീപുരുഷഭേദമെന്നിയെ നല്കിയിട്ടുണ്ട്. എല്ലാററിലും ഉപരിയായി, രാജഭക്തയും, രാജ്യസ്നേഹവും തികഞ്ഞ പ്രജാവലി അത്യാകാംക്ഷയോടെ പ്രതീക്ഷിച്ചിരുന്ന "ഉത്തരവാദഭരണപ്രഖ്യാപനവും" തുല്യം ചാർത്തി, വഞ്ചിനിവാസികളുടെ മനമോദരൂപനായ ശ്രീചിത്രർ ഷജ്ജനരവാൻ വാണരുളുന്നു.

ബുധാദരാകരർ ഒത്തുചേർന്നവതരിച്ചിരിക്കുന്ന ശ്രീചിത്തിരതിരുനാൾ തിരുമേനിയുടെ ഭരണം ശംഖാക്രാന്തമായ ശ്രീവഞ്ചിപതാകയിൻകീഴിൽ സുദീർഘവും പ്രശസ്തവും ശ്രേയസ്കരവുമായിത്തീരട്ടെ! അവിടേയ്ക്ക് സർവ്വജ്ഞതരം സർവ്വശക്തനുമായ ജഗന്നിയന്താവ് ആയുരാരോഗ്യസമൃദ്ധി അന്നദാതാവായ പൊന്നുതമ്പുരാന് നൽകുമാറാകണമേ! ഹിന്ദുമതചരിത്രത്തിൽ ഒരു നവയുഗം ഉദ്ഘാടനം ചെയ്ത് "മാതൃകാരാജാവ്" എന്ന പ്രഖ്യാതി സമാർജ്ജിച്ച സ്വാതന്ത്ര്യധീയും ഹിന്ദുധർമ്മസംരക്ഷണപൂർവ്വം പ്രജാക്ഷേമതല്പരനുമായ നമ്മുടെ ശ്രീചിത്തിരതിരുനാൾ പൊന്നുതമ്പുരാൻ നീണാൾ വിജയിപ്പൂതാക!

# വായിക്കുക! രസിക്കുക!

## പുതിയ പുസ്തകങ്ങൾ.

| | | രൂ. | ണ. |
|---|---|---|---|
| പൂഞ്ചോല | കഥകൾ By S. K. R. കമ്മത്ത് | 1 | 4 |
| അശ്രുധാര | കഥകൾ By G. P. K. കടക്കരപ്പള്ളി | 1 | 0 |
| ലീലാഞ്ജലി | കഥകൾ By കുമാരി L. ലീലാബായി | 1 | 4 |
| കഥാകുസുമങ്ങൾ | കഥകൾ By സ്വർണ്ണകുമാരീദേവി<br>പരിശോധകൻ, പണ്ഡിതർ R. C. ശർമ്മ | 0 | 8 |
| മലഞ്ചരിവിലെ ഭൂതം | അപസർപ്പകകഥ By സാഹിത്യവിശാരദൻ, A. D. ഹരിശർമ്മ | 0 | 10 |
| അമ്മായി അമ്മ | ഒരു ചെറിയ നോവൽ | 0 | 4 |
| അപരാധിനി | ” | 0 | 4 |
| അംബുജം | ” | 0 | 3 |
| പ്രേമമുദ്ര | ” | 0 | 6 |
| മഹാത്മജി | ജീവചരിത്രകാവ്യം By ഗായകകവി V. S. ആൻഡ്രൂ | 0 | 10 |
| സന്ദേശം | കവിതാസമാഹാരം By M. S. ചന്ദ്രശേഖരവാര്യർ | 0 | 12 |
| വേദവ്യാസൻ | പൗരാണികചരിത്രം By M ശേഷാദ്രിപ്പട്ടർ M. A. | 0 | 4 |
| വിശപ്പ് | ജീവൽസ്പർശിയായകഥകൾ By A. K ബാലകൃഷ്ണപിള്ള | 1 | 8 |
| പ്രണാമം | കഥകൾ By ചെറിയാൻ ആൻഡ്രൂസ് | 1 | 4 |
| ജീവിതവല്ലി | പ്രസിദ്ധ കഥാകൃത്തുകളുടെ ഒൻപതു കഥകൾ | 1 | 0 |
| ബാലാരാമം | കുട്ടികൾക്കുള്ള കഥകൾ (കളർചിത്രങ്ങളുടങ്ങിയതു്) | 0 | 3 |
| കളികൾ | കുട്ടികൾക്ക പററിയ ഇരുപതു കളികളുടെ വിവരണം | 0 | 4 |

മറെറല്ലാത്തരം മലയാള പുസ്തകങ്ങൾക്കും ഞങ്ങൾക്കെഴുതുക:—

മാനേജർ,

## ശ്രീ നരസിംഹവിലാസം ബുക്കഡിപ്പോ,

തുറവൂർ A. O. കുത്തിയതോട് P. O.

# റാണി ലക്ഷ്മീബായി സി. ഐ. തിരുമനസ്സിലെ ഒരു അപ്രകാശിതകൃതി.

---

(ഉള്ളൂർ.)

(കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ പ്രാണപ്രേയസിയായിരുന്ന റാണി ലക്ഷ്മീഭായി സി. ഐ. തിരുമനസ്സുകൊണ്ടു് ഭാഷയിൽ പല ഗാനങ്ങൾ രചിച്ചിട്ടുണ്ടെന്നു സാഹിത്യരസികന്മാർ ധരിച്ചിരിക്കുമല്ലോ. അവയിൽ 'നളചരിതം' കൈകൊട്ടിക്കളിപ്പാട്ടു മാത്രമേ മുദ്രിതമായിട്ടുള്ളു. താഴെ കാണുന്ന പാട്ടു് അച്ചടിപ്പിച്ചിട്ടില്ല. "മയൂരസന്ദേശ"ത്തിൽ മഹാകവി ചിത്രീകരിച്ചിട്ടുള്ള വേർപിരഹകാലത്തിൽ തിരുമനസ്സുകൊണ്ടു് നിർമ്മിച്ചതാണു് ഈ ഗാനം.)

### വിരഹകദനം.

(മാരൻപാട്ടുപോലെ.)

കാമിനീജനമൗലിരത്നമേ! സഖി! കേൾക്ക;
കാമോപമാംഗൻ കാന്തനെങ്ങഹോ ഗതനായി?
കാമദേവാശുഗങ്ങളേല്ക്കയാൽ മമ ദേഹം
കാമം വളർന്നപാരം കാളിടുന്നിഹ ബാലേ!

(ഇരട്ടിമട്ട്.)

താരാപതിസമവദനം, മമരമണം,
സരസിജദലനയനം
കാലം കളയാതെവരുത്തുക; അരുതതി-
ലൊരുകാലവിളംബം
ഏണാക്ഷീജനമനോമോഹനനായിടുന്ന
പ്രാണനായകനെന്നുവന്നിടും? വദ, ബാലേ!
പ്രാണേശനുടെ വിയോഗാനലജ്വാലതന്നിൽ
പ്രാണധാരണം ചെയ്യുന്നതെത്രയും പണിയത്രെ.

(ഇരട്ടി.)

മൽപ്പതിയോടുചേർന്നു വസിപ്പതിനെപ്പൊ-
ളഹോ വരുമൊരുയോഗം?
എപ്പൊഴുമിതിചിന്തമുഴുക്കുമൽപ്രിയസഖി!
വിവശതപാരം
പുഞ്ചിരിപൂണ്ട മുഖപങ്കജം നിനയ്ക്കുമ്പോൾ
ചഞ്ചലാക്ഷി മഹാസങ്കടം സഹിക്കാമോ?
മങ്കമാർ കുലമേ മന്ദഭാഗ്യയായീടുമെന്നിൽ
നിൻകൃപയുള്ളതാകിൽ ധന്യത്വമൊന്നാകുന്നു.

(ഇരട്ടി)

വിദ്രുമസമമായിടുമധരം നിദ്രയതിൽ-
കണ്ടിട്ടുമുടനെ
നിദ്രവെടിഞ്ഞാർത്തിവളർന്നെൻ ചിത്തമുരുകി
വലയുന്നയ്യോ!
സാരസവിലോചനൻ മാരമാൽപൂണ്ടുതാനും
പാരം തളർന്നിടുന്നു; ഹന്ത! ഞാനെന്തു ചെയ്‌വൂ.
മധുസ്വരമേറും വാണീജാലങ്ങൾ ശ്രവിക്കാഞ്ഞു
മമ കർണ്ണം നിത്യം കേണുവാടീടുന്നയ്യോ!

(ഇരട്ടി)

യാമിനിയിൽ നിദ്രയതെന്നിയേ വിവശത-
യോടു പരംസമനേ
വാമമിഴീ! വരനെ വരുത്തുകിൽ വരമനവ-
ധി സുകൃതം ധന്യേ!
അല്ലാതെയന്യചിന്തയില്ലമേ ഗുണശീലേ!
കല്യാണശീലൻ തന്നോടെന്നുടെ ഖേദമെല്ലാം
മല്ലാക്ഷീജനമാന്യേ! ചൊൽകമൽപ്രിയസഖി!

(ഇരട്ടി)

മുല്ലവിശിഖനൊന്നയിതാനീം കൊല്ലു-
വതിന്നുമുന്നം തവ ഹൃദി
പല്ലവമൃദുഗാത്രി! വരനൊടു ചൊല്ലുക മമ-
പാരവശ്യമഖിലം
മല്ലികാദ്യമനോഹരമാം കുസുമങ്ങൾ
അല്ലൽ വളർത്തുന്നതെങ്ങിനെ പറവൂ ഞാൻ
വില്ലൊടുസാമ്യമുള്ള ചില്ലികൾ നിനയ്ക്കുമ്പോൾ
ഇല്ലമേ ധൈര്യം ചെറുതുമെന്തു ചെയ്യുമയ്യോ?

(ഇരട്ടി)

ഹിമകരനും മാനസതാരിൽ കിമപി
കരുണയെന്യേയിദാനീം
ദിനകരനുടെ രശ്മിയതെല്ലും കിരണമൊടിഹ
വരവതുകാൺക!
മന്ദമാരുതൻ വിരഹാഗ്നിയെ വളർത്തുന്നായ്
മന്ദിരേ വാണു നിത്യം വീശിടുന്നിതു ബാലേ!
കന്ദർപ്പനുടെ ബന്ധുഭാവമാർന്നിവയെല്ലാം
കന്ദസായക താപമേററവും വളർത്തുന്നു.

(ഇരട്ടി)
മന്ദേതരമധരാമൃതമഞ്ജുതനുവിരഹമാശു
തട്ടുപ്പാൻ
സന്ദേഹമതെന്നിയേ പ്രിയനൊട്ടുസരസം
വദസൽഗുണനിലയേ!
ദേഹകൃത്യങ്ങളിലും മോഹമെന്നിയേ മമ
മോഹനരൂപൻ തൻെറ ചിന്തയാംവസിക്കു-
ന്നേൻ
ആഹാരമതും ഗരളോപമമായിതേററം;
ആഹന്ത! വിധിമതം കാൺകനീ കരഭോരു;
(ഇരട്ടി)
നാരികളഖിലം നിജരമണനം നലമൊട്ടു
പുണരുന്നൊരു സമയേ
പാരമഹോ! പരവശയാമെൻ ശിരസിലി-
ഖിതമീവിധമയ്യോ!
ഭാസ്കരനെന്യേ പാരിൽപ്പങ്കജം വിടരുമോ?
അമ്പിളിയെന്യേയാമ്പൽക്കുമുദം പുഷ്പമോ?
എന്നെങ്കിലുമെൻ കാന്തൻ വന്നിടും കാലമെ-
ന്യേ-
യെന്നുടെമനോദുഃഖം തീരുമോ മനോജ്ഞാംഗി?
(ഇരട്ടി)
നീരജമുഖമതിനുടെമദ്ധ്യേ നിരവധി
മധുരതയൊട്ടു വാഴും
സാരാമൃതപാനമതിന്നായുഴറുന്നേൻ മാനസ
മധുപം
ജ്ഞാനലോചനങ്ങളാലെപ്പോഴും ദയിതനെറ-
യാനന്ദജനകമാം രൂപവുമോൎത്തു നിത്യം
സ്നാനപാനാദികളിലു മാശയെന്നിയേ ഹന്ത!
ജ്ഞാനവംവാണീടുമ്പോളില്ലയോ ദയാലേശം?
(ഇരട്ടി)
കാനനമതിലാകിലുമെന്നുടെ കണവനൊട്ടു-
രമിച്ചുവസിപ്പാൻ
കാറണികുഴലികളണിയുന്നൊരു മൌക്തികമേ!
ചെയ്കനീയതാം

കാൽക്ഷണംപോലും നാഥം വേർവിടാതെരു-
രുഞാനം
ദുഃക്ഷമാംവിയോഗമിതെങ്ങിനെ സഹിപ്പതു്?
വീക്ഷണമെന്നിലൊന്നു ജാതമായീട്ടുന്നാകി-
ലീക്ഷണമഖിലവും ലഭ്യമെന്നറിഞ്ഞാലും.
(ഇരട്ടി)
പക്ഷുളനയനേ! നീയഖിലം ലക്ഷ്മീ-
പതിതന്നുടെ സവിധേ
തൽക്ഷണമിഹചെന്നരചെയ്യേൻ വരനെ
വരുത്തീടുക സുമുഖി!
(ഇരട്ടി)
വിരഹകദനമാശു കളിപ്പാൻ വിധുവദനേ!
പണി മമ പാരം
ഇതിവചനം കേട്ടൊരു സതിയുടെ മതിയിൽ
ബഹുദീനതയോടെ
(ഇരട്ടി)
മനതളിരിൽ കരുണയുംന്നൊരുവനി-
താമണിയാകിയ സഖിയും
പ്രിയസഖിയുടെ ഖേദം തീർപ്പാൻ പ്രിയമൊട്ടു
കനിഞ്ഞിതി ചൊന്നാൾ
(ഇരട്ടി)
മതിമതി തവശോകം സഖി! ശൃണു മതി-
മാനാം നിന്നുടെ നാഥൻ
വരുമുടനൊരു താമസമെന്യേ കരുതി
വരവുപാർത്തു വസിക്ക!!

പിന്നീടു നായികനായകൻെറ ഗൃഹത്തിലേക്കു പോകുന്നു. ആ ഭാഗം മുഴുമിച്ചു കാണുന്നില്ല. ഈ കവിതയിൽ കവയിത്രിയുടെ വിരഹാവസ്ഥയും സൂചിതമായിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ. “ലക്ഷ്മീപതി” എന്ന പദം തിരുമനസ്സുകൊണ്ടു് അന്വൎത്ഥമായാണു പ്രയോഗിച്ചിരിക്കുന്നതു്.

—പാരിജാതം—

—:*:—


# സുഖാനന്ദകല്പം.

(പഞ്ചാബ് സാലാമിസ്രി അഷ്ടവർഗ്ഗം ചേർത്തുണ്ടാക്കിയതു്)

ക്ഷയം, കാസ, മെലിച്ചിൽ, ഹൃദ്രോഗം, ധാതുക്ഷയം, രക്തക്കുറവു്, പ്രസവക്ഷീണം ഇവകളെ മാററി യൌവ്വനത്തെ നിലനിറുത്തുവാൻ ഈ കല്പം സേവിക്കണം. ടി ബുക്ക് ഇനാം.

വി. പി. അടക്കം റാ: ൧-൧൨ ൯ ക. മാത്രം. ൪ റാ: ഡസ്സിക്ക് ൨ ക.

മാനേജർ, ദിവ്യൌഷധശാല,
മണലൂർ C. S.

# വിഷ്ണുപാദാദികേശാന്ത

# വർണ്ണനസ്തോത്രം.

## സവ്യാഖ്യാനം

വില രൂപാ ഒന്നു്.

വ്യാഖ്യാതാ:— ബ്രഹ്മശ്രീ പുലിയന്നൂർ എസ്സ്° രാമയ്യർ അവർകൾ.

(ജഗദ്ഗുരു ശങ്കരഭഗവൽപാദരുടെ അവസാനത്തെ കൃതി)

ഈ പാദാദികേശം ശബ്ദംകൊണ്ടും അർത്ഥംകൊണ്ടും ശയ്യകൊണ്ടും പാകംകൊണ്ടും രീതികൊണ്ടും വൃത്തികൊണ്ടും രസംകൊണ്ടും ധ്വനികൊണ്ടും അന്യാദൃശമായ മഹിമയ്ക്കു് ആകരമായി സമുല്ലസിക്കുന്നു. രാമയ്യരുടെ ഈ സദ്വ്യാഖ്യാനത്തെ ഞാൻ സർവ്വാത്മനാ അഭിനന്ദിക്കുകയും ഈ വ്യാഖ്യാനത്തിനു ഭഗവൽഭക്തന്മാരുടെ ഇടയിൽ ധാരാളം പ്രചാരം ഉണ്ടായിക്കാണ്മാൻ ആഗ്രഹിക്കുകയും ചെയ്യുന്നു." അവതാരികയിൽ മഹാകവി ഉള്ളൂർ.

"അദ്വൈതമതസ്ഥാപകനായ ഭഗവൽപൂജ്യപാദ ശ്രീശങ്കരാചാര്യസ്വാമികൾ ആനന്ദസ്വരൂപനായിരിക്കെ അതുകൊണ്ടുമാത്രം സംതൃപ്തനാകാതെ സംസാരഭയങ്കരാഗ്നിയിൽ വീണു തപിക്കുന്ന സാമാന്യജനങ്ങൾക്കു ആനന്ദപ്രാപ്തിക്കുള്ള മാർഗ്ഗങ്ങൾ കാട്ടിക്കൊടുപ്പാനുള്ള കാരുണ്യാതിശയത്താൽ നിർമ്മിച്ച നിരവധി സ്തോത്രങ്ങളിൽ വെച്ചു മകുടായമാനമായ ഈ വിഷ്ണുപാദാദികേശാന്തവർണ്ണനസ്തോത്രത്തിനു അത്യന്തം സ്പഷ്ടവും ഹൃദ്യവും പ്രസന്നമധുരവുമായ വ്യാഖ്യാനംകൊണ്ടു സഹൃദയന്മാർക്കു മാർഗ്ഗം തെളിയിച്ചുകൊടുപ്പാൻ നിങ്ങൾ ചെയ്ത പരിശ്രമം മഹൽപുണ്യകർമ്മം തന്നെ."

സാക്ഷാൽ ഭാഗവതവ്യാഖ്യാതാ സാഹിത്യകുശലൻ, പി. ഗോപാലൻനായർ അവർകൾ.

ശ്രീരാമവിലാസത്തിലെ മനോഹരമായ അച്ചടി! ഒന്നാംതരം ഗ്ലേസ്°പേപ്പർ!! മോഹനമായ ബയന്റു്!!!

## വ്യാഖ്യാതാവിന്റെ ഇതരകൃതികൾ.

| | |
|---|---|
| 1. കവിതാമഞ്ജരി 1-ാംഭാഗം 8 ണ. | 6. ലേഖനമഞ്ജരി 1-ാംഭാഗം 2 രു. |
| 2. കവിതാമഞ്ജരി 2-ാംഭാഗം 1 രു. | 7 ശിവരാത്ര്യുത്ഭവം (തുള്ളൽ) 6 ണ. |
| 3 അഞ്ജലി (കൃഷ്ണാവതാരസംഗ്രഹം) 1 രു. | 8 ധ്യാനമാലിക 1-ാംഭാഗം 8 ണ. |
| 4. രാജഭക്തി 1 രു. | 9. ദിലീപൻ 8 ണ. |
| 5. സുലോചന (ഗദ്യകാവ്യം) 1 രു. 8 ണ. | 10. ഭക്തിദീപിക ഒരു നിരൂപണം 4 ണ. |

പുലിയന്നൂർ ബുക്ക്°ഹൌസ്°

A. O & P. O, പാലാ; മാനേജർ—ചന്ദ്രാപ്രസ്സ്°,

ബ്രാഞ്ചു് തൊടുപുഴ. ചാല, തിരുവനന്തപുരം.

# Our Languages and Literature.

*Sahitya Ratna S. Sankara Raju Naidu, M. A., (Ag.)*
*Hon. in Hindi (Punjab.)*

Lord Macaulay was certainly a far sighted politician and administrator to have introduced English in the Educational field of India giving his own mother-tongue the first place, which in its turn, became the ruling language. Great many persons began studying the 26 letters and mugging the pronunciations to get high places in the Government offices. It is no exaggeration to say that it was the language which kept India under their regime for more than two centuries.

" The old order changeth yielding place to new. " The English have quit India, but their roots are still here, so much so that some people even to-day are in favour of having English as our National language ! They will have to yield. There is no room for any other language to replace Hindi as lingua Franca of India.

Now the days of propaganda for Hindi are over. The time has come for serious study of Hindi and all other provincial languages in the true spirit. The literature of Hindi is being made richer and richer, and every day some valuable addition is made to its vast treasures by other provincial literatures as well. Specially South India has to play a great role in this respect. It must be the delightful duty of ours to let know the North about the richness of our own literature. Language is only a medium for the expression of ideas which otherwise remain hidden. It ought to be our proud privilege to spread our own literature to the whole of India through the medium of the national language, thereby revealing our grandeur to those who are not in a position to recognise us.

I think few in the North know about any poet of Malayalam or Tamil or any other South Indian language. They are absolutely ignorant about Ezhuthachchan orCherussery, the marvellous authors of Ramayanam and Krishnagatha respectively in Malayalam and about Kambar or Bharathiyar viz., Tulasidas and Bhushan of Tamil Literature ' Whose mistake is it ? ' I ask. It is ours. Let us begin with right earnest to rectify our mistake.

I wish to emphasise upon three very important points. First and foremost, let us make it a point to speak in any Indian language, i. e., Malayalam, Tamil or Hindi and discard talking in any foreign language in ordinary course of life and public meetings. Secondly let us not put the initials of names etc. in English characters while writing in Indian scripts. I mean, not എം. കെ. ഗാന്ധി but മോ. ക. ഗാന്ധി. These letters from A to Z with our

names are only the emplems of existing slavery. Last but not the least is the point to be noted about the proper. nouns, eg. names of places etc., to be in the pure Indian form while writing or speaking in our own language. Eg. let us write കന്യാകുമാരി and not കേപ്‌കാമറിൻ or ആലപ്പുഴ and not ആലപ്പി, തിരുവനന്തപുരം and not ട്രിവാൻഡ്രം, കൊല്ലം and not കൊയ്‌ലോൺ.

A word about the place of English in the present independent India. While I am perfectly aware about English being the common International medium, I am with all my wise friends, against Shakespeare, Milton, Drydon, Keats, Browning, Tennyson, etc., being a compulsory subject in the syllabus. It is more than enough to have a working knowledge of English so as to be able to read and understand the correspondence, and books of sciences. I would be highly justifying the cause if I present to my students the master poets of our own languages so far as the study of literature is concerned. Ezhuthachchan, Kambar and Tulasidas are of greater importance than Shakespeare, Shelley and Tennyson in the present Independent India.

---


## അസ്ഥിസ്രാവത്തിന്ന 'സ്രാവാമൃതം.'

അസ്ഥിസ്രാവം, വെള്ളംപോക്ക്, ശുക്ലസ്രാവം. തൽസംബന്ധമായി വന്നുകൂടുന്നതൽ, തണ്ടൽകഴപ്പ്, കൈകാൽ തളച്ച്, മേൽ ചുടിടിപ്പ്, വിളച്ച, തലച്ചുററൽ, രാത്രിജ്വരം മുടങ്ങിയ ഉപദ്രവങ്ങളാൽ ശരീരം ശോഷിച്ച ആരോഗ്യം നശിച്ചു കണ്ണൂകടം കഴിഞ്ഞു കവിളൊട്ടി വികൃതരൂപികളായി ജീവിതം തള്ളിനീക്കുന്നതു എന്തിന്? സ്ത്രീപുരുഷന്മാർക്കു ഒന്നുപോലെ ആശ്വാസപ്രദമായ സ്രാവാമൃതം സേവിച്ചു രോഗവിമുക്തരാകുവിൻ.

ഈ സിദ്ധൌഷധത്തിന്ന റാത്തൽ 1-ക്ക് 5 ക മാത്രം.

രജഃപ്രവത്തിനി. ഇതു് സ്ത്രീകൾക്കു് ഒരു അനുഗ്രഹമാണു്. അല്പമായും ഭയങ്കര വേദനയോടും ഋതുകാലം തെററിയും ഉണ്ടാകുന്ന ആത്തവത്തെ ക്രമപ്പെടുത്തി ശരീരത്തിനുള്ള വിളച്ച്, അടിവയററിന്ന വേദന, വയററിൽ വേദന, ഗുന്മം മുതലായവയെ ക്ഷണത്തിൽ മാററുന്നതിനുള്ള ഒരു ദിവ്യൌഷധം. മൂന്നുമാസത്തെ ഉപയോഗത്തിന്നു് 4 ഉറുപ്പ 8 അണ.

N. B. ഈ മരുന്നു് ഗർഭിണികൾ ഒരിക്കലും ഉപയോഗിക്കരുതു്.

ഊക്കൻസ്, എ. എസ്സ് പൽപൊടി.

പല്ലിലും ഊനിലും ഉണ്ടാകുന്ന എല്ലാരോഗങ്ങളെയും മാററി പല്ലിന്നു് ഉറപ്പും വായ്ക്കു് നല്ല രുചിയും ഉണ്ടാക്കും.

പോക്കററ് 2 അണ കച്ചവടക്കാർക്കു് ഗ്രോസിന്നു് 12 ക.

എഴുത്തുകൾ പോസ്റ്റുപ്പീസ്സുമുഖേന അയയ്ക്കേണ്ടതാണു്.

പാക്കിംഗും തപാലും പുറമെ.

സെൻറ് ജോസഫ് ഔഷധശാല.

P. O. മുല്ലശ്ശേരി S. മലബാർ.

# നെഹറു—ശാസ്ത്രപടുവായ രാഷ്ട്രീയാഗ്രേസരൻ.

---

By

എസ്സ്. പരമേശ്വരൻ, തിരുവനന്തപുരം.

"ആധുനികരാഷ്ട്രങ്ങൾക്കെല്ലാം തന്നെ ഒരു പ്രത്യേകതരം വ്യക്തിയെ ആവശ്യമുണ്ട്; അത്തരം വ്യക്തികളുടെ വരവിനെ അതതു രാഷ്ട്രവാസികൾ എത്രയോ കാലമായി നിർന്നിമേഷം കാത്തിരിക്കയാണ്. ശാസ്ത്രപടുവായ രാഷ്ട്രതന്ത്രജ്ഞനാണ് ആ വ്യക്തി. ഇന്നത്തെ ആവശ്യം ഒരു തനിശാസ്ത്രജ്ഞനെയല്ല; ലോകവ്യാപാരങ്ങൾ അറിഞ്ഞു, മനുഷ്യരോടിടഞ്ഞു, രാജ്യകാര്യം ഏറ്റെടുക്കുവാൻ സന്നദ്ധനായ ഒരു ശാസ്ത്രജ്ഞനെയാണ്" എന്ന് ശാസ്ത്രജ്ഞപ്രമുഖനായിരുന്ന സർ. വില്യംബ്ര്യാഗ്, (Bragg) ഒരിക്കൽ പ്രസ്താവിച്ചിട്ടുണ്ട്. മനുഷ്യന്റെ ജ്ഞാനം പലവഴിക്കും പലവിധത്തിലും വളർന്നുവരുന്ന ഇക്കാലത്ത് കാലത്തിനൊത്തു ജീവിക്കണമെന്നാഗ്രഹമുള്ള സാധാരണക്കാരനും ശാസ്ത്രത്തിന്റെ ഏതാണ്ടൊരു ബോധം കൂടാതെ കഴിയുന്നതല്ല. ഈ സ്ഥിതിക്ക് അവരുടെ നേതാവാകുന്നയാൾക്ക് ശാസ്ത്രജ്ഞാനം എത്രമാത്രം ആവശ്യമാണെന്നുള്ളത് ഊഹിക്കാവുന്നതാണ്. "ഡെമോക്രസി" എന്ന വിഷയത്തെ പുരസ്കരിച്ച് കേംബ്രിഡ്ജ് സർവ്വകലാശാലയിൽ വച്ചു പ്രസംഗിക്കവേ ജനറൽ സ്മട്ട്സും ഏതാണ്ടീ അഭിപ്രായം തന്നെയാണ് പുറപ്പെടുവിച്ചത് അതിപ്രകാരമായിരുന്നു. "ആധുനികരാഷ്ട്രത്തിന് ശാസ്ത്രം അനുപേക്ഷണീയമാണ്; ശാസ്ത്രത്തിന്റെ പ്രവർത്തനപ്രവണതയാണ് രാഷ്ട്രത്തിന്റെ ഇന്നത്തെ ആവശ്യം. മനുഷ്യവ്യാപാരങ്ങൾക്കു മാത്രമല്ല, മനുഷ്യവ്യാപാരങ്ങളുടെ ഭരണനിയന്ത്രണങ്ങൾക്കും ശാസ്ത്രീയമനോഭാവവും, ശാസ്ത്രവീക്ഷണവും അപരിഹാര്യമാകുന്നു".

ശാസ്ത്രജ്ഞന്മാർ വിജ്ഞാനവീഥിയുടെ ആരാധനയിൽനിന്നു വിരമിച്ച് ഭരണഭാരം ഏറ്റെടുക്കുവാൻ സന്നദ്ധരായി കാണുന്നില്ല എന്നൊരാക്ഷേപമുണ്ട്. അവർ ആ പന്ഥയിലേയ്ക്കു മത്സരിക്കുന്നില്ല; തള്ളിക്കയറുവാൻ ശ്രമിക്കുന്നില്ല എന്നതാണ് ഈ ആക്ഷേപത്തിനുള്ള കാരണം. ഭാരതത്തെ സംബന്ധിച്ചിടത്തോളം അല്പകാലംമുൻപുവരെ ഒരു കാരണം കൂടിയുണ്ടായിരുന്നു; അതു്, ശാസ്ത്രവ്യുല്പത്തിയും രാഷ്ട്രീയപ്രശസ്തതയുമുണ്ടെങ്കിലും ഭാരതീയനെ പ്രധാനസ്ഥാനങ്ങളിലേയ്ക്ക് അധിരോഹണം ചെയ്യിക്കാനുള്ള അധികാരികളുടെ—ഭരണം മുഴുവൻ കൈയ്യിലാക്കിയ വിദേശികളുടെ—വൈമനസ്യമായിരുന്നു. ആവു്, ആ വിസമ്മതം അകന്നു; അല്ല വിസമ്മതിക്കുന്നവർ ഭാണ്ഡവും മുറുക്കി യാത്രയായിക്കഴിഞ്ഞു. ഭാരതത്തിന്റെ ഭാഗ്യമേ; ഏതൊരു വ്യക്തിക്കുവേണ്ടി രാഷ്ട്രങ്ങളെല്ലാം ഉൽക്കണ്ഠയോടെ കാത്തിരുന്നുവോ അത്തരത്തിലുള്ള ഒരു വ്യക്തി രാഷ്ട്രസേവനം സ്വൈരമായി ചെയ്യുവാനുള്ള സൗകര്യം ലഭിക്കാതെ ഏറിയകാലമായി ഭാരതത്തിൽ കഴിഞ്ഞുകൂട്ടുകയായിരുന്നു. അസ്വാത്മപരിത്യാഗിയെ ബന്ധിച്ചിരുന്ന പഞ്ജരം തകർന്നു കഴിഞ്ഞിട്ട് കാലം അധികമായിട്ടില്ല. അങ്ങനെ ഇതരരാഷ്ട്രാംഗനമാരെല്ലാം വന്ധ്യാത്വത്തിൽ കഴിയുമ്പോൾ ഭാരതാംബയെ വീരപ്രസുവാക്കിയ അനർഘരത്നമാണ് പണ്ഡിതജവഹർലാൽനെഹറു.

പണ്ഡിറ്റ്ജി ഒരു ശാസ്ത്രജ്ഞനാണോ, അതോ ഒരു രാഷ്ട്രീയനേതാവാണോ എന്ന സംശയം പലർക്കും അങ്കുരിച്ചേക്കാം. ശാസ്ത്രജ്ഞന്റെ പ്രത്യേകതകൾ ശാസ്ത്രീയവീക്ഷണവും, ശാസ്ത്രമനോഭാവവുമാണല്ലോ. ഈ രണ്ടുഗുണ

ങ്ങളും സ്വാത്മാംശമായിത്തീർന്നു്, അനന്തരമിഷം പ്രസരിപ്പിക്കുന്ന ഒരു വ്യക്തി ശാസ്ത്രജ്ഞനല്ലേ? ഈ വൈശിഷ്ട്യങ്ങൾ പണ്ഡിതജിയുടെ പ്രസംഗങ്ങളിലും ലേഖനങ്ങളിലും വികസിതമായി കാണുന്നുണ്ടു്. കമനീയമായ ശൈലീവിശേഷംകൊണ്ടും, ഉള്ളിൽ പരിലസിക്കുന്ന മഹനീയമായ വിജ്ഞാനമധുവിന്റെ ആസ്വാദ്യതകൊണ്ടും അവയ്ക്കു നമ്മെ ആകർഷിക്കുന്നതിനുള്ള ഒരു ദിവ്യശക്തിയുണ്ടു്. യുക്തി, ഗുണദോഷവിവേചനം, അനുമാനം ഇവയും ഇവയുടെ സംയുക്തഫലമായ നിശ്ചയാവലംബനവും അവയ്ക്കുള്ള പ്രത്യേകതകളാണു്. അദ്ദേഹത്തിന്റെ അഭിപ്രായാനുമാനങ്ങളുടെ സാധുതയെക്കുറിച്ചു വിചിന്തനം ചെയ്യുമ്പോഴാണു് അവയിലന്തർഭവിച്ചിട്ടുള്ള ശാസ്ത്രകിരണങ്ങൾ തിളങ്ങിക്കാണുന്നതു്.

കുബേരപദവിയെ സ്വമനസാ ത്യജിച്ചു്, ക്ലേശഭൂയിഷ്ഠമായ സാമാന്യജീവിതം സ്വീകരിച്ചു് 'നാനാജ്ഞകല്പിതവ്യാധിമാലിന്യദഗ്ദ്ധസംവൃതമായ' കല്പിക്കപ്പെട്ടിരിക്കുന്നവർക്കു് ആനന്ദഭവനം നിർമ്മിക്കുവാൻ തന്റെ സകല സിദ്ധികളും വിനിയോഗിക്കുന്ന ആ സ്വാതന്ത്ര്യവാദിയുടെ ജീവിതം "നാം കനിയുമ്പോഴാണു് ഉയരുമ്പോഴല്ല സാക്ഷാൽ ജ്ഞാനത്തോടടുക്കുന്നതു്" എന്ന മഹാവചനത്തിനു് ഒരു പ്രത്യക്ഷദൃഷ്ടാന്തമാകുന്നു. എന്നാൽ അദ്ദേഹം വെറും ഒരു ജ്ഞാനഭണ്ഡാരം മാത്രമാണോ? ജ്ഞാനംകൊണ്ടു മനസ്സിനെ നിറയ്ക്കുന്നതു് എത്രയോ സുകരമാണു്. ഇന്ദ്രിയങ്ങൾ വഴിക്കോ അനുഭവം വഴിക്കോ ഗ്രഹിച്ചിട്ടുള്ള വിജ്ഞാനശകലങ്ങളെ സംഘടിപ്പിച്ചു് ആകർഷണീയങ്ങളും രസപ്രദങ്ങളുമായ നവീനാശയാദർശങ്ങളെ സൃഷ്ടിക്കുന്നതിനുള്ള വാസന—ബുദ്ധിയുടെ നിർമ്മാണശക്തി—യാണു് ഇതരഗുണങ്ങളെയെല്ലാം ഉല്ലംഘിച്ചു് അദ്ദേഹത്തിൽ പ്രകാശിക്കുന്നതു്. മനുഷ്യപ്രകൃതിയെ വിട്ടു് ലോകവ്യാപാരത്തിൽ നാം ഗണിക്കുമ്പോൾ ബുദ്ധിയുടെ വിശിഷ്ടശക്തിയായ പ്രതിഭ പ്രായേണ ശാസ്ത്രോന്മുഖമാകുന്നതായിട്ടാണു് സാധാരണ നാം കണ്ടുവരാറുള്ളതു്. നെഹറു ഈ അനുഭവത്തിനു് ഒരു അപവാദമാണു്. അദ്ദേഹത്തിന്റെ ബുദ്ധിയുടെ നിർമ്മാണശക്തിയെ പ്രവൃദ്ധമാനമാക്കുന്നതു് അദ്ദേഹത്തിന്റെ ശാസ്ത്രവിജ്ഞാനതോമനമാകുന്നു. ഒരു ശാസ്ത്രജ്ഞൻ അതിസൂക്ഷ്മതയോടുകൂടി പരീക്ഷണനിരീക്ഷണങ്ങൾ നിർവ്വഹിക്കുന്നു; അയാളുടെ അനുമാനങ്ങൾ വിശ്വസത്യങ്ങളാണെന്നു് വിചാരിക്കുന്നില്ല; ഇതരശാസ്ത്രജ്ഞന്മാരുടെ അഭിപ്രായാനുമാനങ്ങളെ സ്വാഗതംചെയ്തു് അവയ്ക്കു വേണ്ട പരിഗണനനല്കി, കാലോചിതമായ ഭേദഗതികൾ തന്റെ പ്രവർത്തനമാർഗ്ഗത്തിൽ ആവിഷ്കരിക്കുന്നു. ശാസ്ത്രജ്ഞന്റെ ഈ മനോഭാവം ഒട്ടല്ല സംപ്രതിഭാവനായ പണ്ഡിതജിയുടെ പ്രവൃത്തിസ്വഭാവത്തിലും പ്രകടമാകുന്നതു്.

നമ്മുടെ ഇടയ്ക്കുള്ള അനീതി, അക്രമം ഇവയോടു് ബധിരതയോ, നയനവികലതയോ ഭാവിച്ചിരുന്നാൽ ആ ദുസ്സാമചേഷ്ടകൾ ഒരിക്കലും അവസാനിക്കുന്നില്ല; നേരെമറിച്ചു് അവ ക്രമാതീതമായി വർദ്ധിക്കുന്നതാണു്. വർദ്ധിച്ചു വർദ്ധിച്ചു് സമുദായത്തെ നാശഗർത്തത്തിലേയ്ക്കു നയിക്കുകയും ചെയ്യും. അശ്രദ്ധനായിരുന്നാൽ അവ അപാസ്തമായിത്തീരുന്നതല്ല; ആനയം ഒരു ഭരണതന്ത്രജ്ഞനോ, കർമ്മകുശലനോ ഒട്ടും ആശാസ്യവുമല്ല. പണ്ഡിതജിയുടെ പ്രവർത്തനമണ്ഡലം വിസ്തൃതമാണു്. എന്നിട്ടും, അദ്ദേഹത്തിന്റെ സൂക്ഷ്മദർശനം, സൂക്ഷ്മഗ്രഹണം, സൂക്ഷ്മധാരണ ഇവ ദർശിക്കാത്ത ഒരൊറ്റ പ്രശ്നം സാമുദായികമായോ, രാഷ്ട്രീയമായോ ഉണ്ടോ എന്നതു് സംശയമാണു്. ഫെന്നർ ബ്രൂക്ക്വെ പണ്ഡിതജിയെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക. "പണ്ഡിതജിയെ ഭാരതത്തിന്റെ നിർമ്മാതാവായിട്ടു മാത്രമല്ല, ഒരു നവലോകത്തിന്റെ ശില്പിയായിട്ടുംകൂടിയാണു് ചരിത്രം രേഖപ്പെടുത്തുവാൻ പോകുന്നതു്. പണ്ഡിതജി അദ്ദേഹത്തിന്റെ മാഹാത്മ്യത്തിന്റെ പരമകാഷ്ഠയിലെത്തിക്കഴിഞ്ഞിട്ടില്ല. ഭൂലോകത്തിനു സർവ്വോപരിയായി ഇന്നു് ആവശ്യമുള്ള ഒന്നാണു് അദ്ദേഹത്തിന്റെ അന്താരാഷ്ട്രീയ പ്രബുദ്ധത".

നെഹറു മാമൂലുകളേയും ആചാരങ്ങളേയും അത്ര വകവയ്ക്കുന്നില്ലെന്നു് ഒരു അപവാദം പരക്കെയുണ്ടു്. മാമൂൽ നിബദ്ധമായ മനഃസ്ഥിതി ചിന്തയ്ക്കനുകൂലമല്ലെന്നും ചിന്താരഹിതമായ പ്രവർത്തനം അപകടത്തിലേയ്ക്കു നയിക്കുമെന്നുമാ

ണു് അവിചാരപൂർവ്വമായ ആ ആക്ഷേപത്തിനുള്ള സമാധാനം.

പണ്ഡിതജിയുടെ ശാസ്ത്രജ്ഞതയ്ക്കു് ഉദാഹരണങ്ങൾ അദ്ദേഹത്തിന്റെ ലേഖനങ്ങളിലും മററും പ്രതിപദം കാണാം. അവയെ സൂക്ഷ്മമായി പ്രപഞ്ചനം ചെയ്യുന്നതിനു് വിസ്തരഭയം അനുവദിക്കുന്നില്ല. എന്നിരുന്നാലും അദ്ദേഹത്തിന്റെ മനോഭാവം പ്രകടമാക്കുന്ന ഒരു പ്രസ്താവന ഇവിടെ ഉദ്ധരിക്കാം. രാജ്യതന്ത്രത്തെക്കുറിച്ചു് പണ്ഡിതജിയുടെ അഭിപ്രായപ്രകാരമാണതു്. "നമ്മുടെ രാജ്യതന്ത്രം ഒന്നുകിൽ ജാലവിദ്യ അല്ലെങ്കിൽ ശാസ്ത്രമാകുന്നു. അദൃശ്യമായ നിർവ്വാണത്തിൽ ഉപഹാരപാവനത്തിനും ചാരരീതിക്കും മററും സ്ഥാനമില്ല; ശാസ്ത്രമാകട്ടെ ചിന്താനൈർമ്മല്യം, ഊഹാപോഹം ഇവയിൽ പ്രതിഷ്ഠിതമാണു്. മനസ്സിനെ കുഴക്കുന്നതും, അവ്യക്തമോ, മായാസങ്കല്പമോ, മതപരമോ ആയ പദ്ധതികൾക്കു് അവിടെ ഇടമില്ല. എന്റെ കാര്യം പറയുകയാണെങ്കിൽ എനിക്കു് ഇന്ദ്രജാലഗ്രന്ഥങ്ങളിലും മതപരമായ പന്ഥാക്കളിലും തീരെ വിശ്വാസമില്ല. ഏതു പ്രശ്നവും ശാസ്ത്രീയമായിട്ടുമാത്രമേ എനിക്കു ചിന്തിക്കുവാൻ സാധിക്കുകയുള്ളൂ."

ഭാരതീയരെ അലസ്യത്തിലും നിദ്രയിലുംനിന്നു് ഉണർത്തി എഴുന്നേല്പിച്ച ധർമ്മമൂർത്തിയാണു് ഗാന്ധിജി എങ്കിൽ അവരെ ദൂരാധിഗമമായ മാർഗ്ഗത്തിലൂടെ സധീരം മുന്നോട്ടു നയിക്കുന്ന മാർഗ്ഗദർശിയാണു് നെഹ്റു. സ്വാഭിമാനം, സമത്വചിന്ത, ആത്മീയാദർശം ഇവ ഭാരതീയർക്കു് കൈവരുത്തിയ സംയമിയാണു് മഹാത്മജി; ആധുനികവും ശാസ്ത്രീയവുമായ നിർമ്മാണബുദ്ധിയോടെ ഇന്ത്യൻ ജനതയ്ക്കു സാമുദായികവും സാമ്പത്തികവുമായ ഉൽക്കർഷത്തിലേയ്ക്കുള്ള സോപാനം സൃഷ്ടിക്കുന്ന യുക്തിവാദിയാണു് പണ്ഡിതജി.

ലോകത്തിൽ പ്രതിനിമിഷം സംഭവിക്കുന്ന മാററങ്ങളേയും പ്രതിക്ഷണമെന്നപോലെ പുരോഗമനമാർഗ്ഗത്തിൽ വയ്ക്കുന്ന പദങ്ങളേയും ഗ്രഹണം ചെയ്തു് അവയ്ക്കനുരൂപമായ വിധത്തിൽ തന്റെ മനസ്സിനേയും ആദർശത്തേയും, വിജ്ഞാനത്തേയും ജീവിതത്തെത്തന്നെയും സമീകരിക്കുന്ന മനുഷ്യൻ നിയമാനുസാരം അമ്പത്തൊൻപതാമത്തെ പ്രായത്തിലെത്തിയാലും യൗവനത്താൽ ത്യക്തനാകാതെ ജീവിക്കുന്നു. ഭാരതഖണ്ഡത്തിന്റെ ഭാഗ്യാതിരേകത്താൽ രാഷ്ട്രീയാന്തരീക്ഷത്തിൽ ഉജ്ജ്വലതേജസ്സോടെ മിന്നിത്തിളങ്ങുന്ന ഈ പുണ്യതാരം എന്നും മാതൃഭൂമിയോടുള്ള കടമ നിറവേററുന്നതിനു ശ്രമിക്കുന്നു എന്നുള്ള ചാരിതാർത്ഥ്യത്തോടും ഈ തേജോധാമം ഒരുകാലത്തും—ബർനാഡ്ഷാ മനുഷ്യായുസ്സായി ആശിക്കുന്ന മുന്നൂറുകൊല്ലമെങ്കിലും—പൊലിഞ്ഞുപോകാതെ തിളങ്ങിക്കൊണ്ടിരിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടും കൂടി സമാപിച്ചുകൊള്ളട്ടെ!

---

തയാറായിരിക്കുന്നു!

# 'സി.വി.രാമൻപിള്ള'

പ്രൌഢോജ്ജ്വലവും സവിസ്തരവുമായ ഒരു ജീവചരിത്രം!

ഗ്രന്ഥകർത്താ:—പി. കെ. പരമേശ്വരൻനായർ, ബി. എ.

മലയാളസാഹിത്യത്തിനു് 'സാഹിത്യപഞ്ചാനന' കർത്താവിന്റെ മറെറാരു മഹാസംഭാവന.

ഡമ്മി, പേജ് 440.   വില രൂ. 4.

ശ്രീരാമവിലാസം ബുക്കഡിപ്പോ, തിരുവനന്തപുരം.

ചെറുകഥ

# രഹസ്യജീവിതം

(വള്ളംകുളം, ടി. ജി. പിള്ള)

ഞാൻ പോലീസിനു പിടികൊടുക്കാതെ ഒളിവിൽ കഴിയുകയാണ്. എന്റെ അജ്ഞാതവാസം എത്രകാലത്തേക്കു നീളുമെന്നു എനിക്കുതന്നെ നിശ്ചയമില്ല. ഒരുപക്ഷെ എന്റെ മരണം തന്നെ ഈ നിലയിൽ സംഭവിച്ചെന്നുവരാം. എന്നാൽ എന്റെ അന്തർമ്മരഹസ്യങ്ങൾ പുറത്തുവിടാതെ സൂക്ഷിയ്ക്കുവാൻ ഇനിയും എനിക്ക് കെല്പില്ല. അതു ലോകം അറിയുകതന്നെ വേണം.

വിവാഹം കഴിഞ്ഞപ്പോൾ ഞാൻ ജീവിതത്തിലേക്കു പ്രവേശിച്ചു. സന്തോഷിക്കുവാനും സന്താപിക്കുവാനുമുള്ള അവസരങ്ങൾ കിട്ടി. ചിരിക്കാനും കരയാനുമുള്ള കാര്യങ്ങൾ. [illegible]രിക്കുവാനും പരിഹസിക്കപ്പെടുവാനുമുള്ള സഹചര്യങ്ങൾ. പരിഭവിക്കുവാനും പരിഹസിക്കുവാനുമുള്ള ഒരു കൂട്ടുകാരി. ജീവിതത്തിന്റെ എല്ലാ ഉപാധികളിലും സജീവമായി പങ്കെടുക്കുന്ന ഒരു പങ്കുകാരി. "ഭാര്യ!" ആ പദത്തിൽ പലതും ഒതുങ്ങി നിന്നു.

ഒരുവർഷം കടന്നുപോയതു് ഞാനറിഞ്ഞതേയില്ല. ഓമനക്കുഞ്ഞ് എന്റെ മടിയിൽ കയറിയിരുന്നു പുഞ്ചിരിക്കുവാൻ തുടങ്ങിയപ്പോഴാണ്, ഞാനൊരച്ഛനാണെന്ന് എനിക്കുതന്നെ ബോദ്ധ്യമായതു്. ചുമതലകൾ വട്ടമിട്ടുനിന്നുകൊണ്ട് എന്നെ വിമ്മിഷ്ടപ്പെടുത്തുവാൻ തുടങ്ങി. അപ്പോഴൊക്കെയും വിജയത്തിന്റെ മന്ദഹാസവും മധുവോലുന്ന വാക്കുകളും എന്നെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു. ഒരു പുത്രനുണ്ടായിക്കഴിഞ്ഞപ്പോൾ വികാരങ്ങൾ വിചാരങ്ങളായി മാറാൻ തുടങ്ങി. ചിന്താശക്തി എന്നെ വഴിപിഴപ്പിച്ചുകൊണ്ടിരുന്നു. സ്വാർത്ഥത എന്നിൽ വളർന്നുവന്നു. ഭാര്യയ്ക്ക് സ്വന്തമായി ഒരു പെട്ടിയും പൂട്ടുമുണ്ട്. അതിൽ അവൾ, അവളുടേതുമാത്രമായ ചില സാധനങ്ങൾ സൂക്ഷിക്കുന്നുണ്ട്. എനിക്ക് അതു പിടിച്ചില്ല. അതിനുള്ള കാര്യമെന്താണെന്ന് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. അപ്പോൾ മുതൽ ഭാര്യയിൽ എനിക്കു സംശയം ജനിച്ചു. അവളുടെ എല്ലാ പ്രകടനങ്ങളും ഞാൻ സൂക്ഷിക്കുവാൻ തുടങ്ങി. ചിലതെല്ലാം നിയന്ത്രിക്കുവാനും. അവളുടെ പെട്ടിതുറന്നു പരിശോധിക്കുവാൻ അവൾ അനുവദിക്കയില്ല. അതിനുള്ള സന്ദർഭങ്ങൾപോലും വിജയം നഷ്ടപ്പെടുത്തിക്കളയും. എങ്കിലും എന്റെ ചിന്താശക്തി കാടുകയറി. എന്നിൽനിന്നു മറയ്ക്കുന്നുള്ള എന്തു രഹസ്യങ്ങളാണ് എന്റെ ഭാര്യയ്ക്കുള്ളതു്?...... ......

ഞാൻ തലപുകഞ്ഞാലോചിച്ചു. മറുപടി കിട്ടാത്ത ചോദ്യം. മുഴുത്തസംശയം! ഞാൻ ഇക്കാര്യത്തെപ്പറ്റി ചോദ്യം ചെയ്താൽ അവൾ ചിരിച്ചുമയക്കിക്കളയും. മണിനാദംപോലെ മുഴങ്ങുന്ന ചിരി! ആ കിലുക്കമുള്ള ചിരിയിൽ എന്റെ സംശയങ്ങൾ തകർന്നുപോകും. ഞാൻ പരിഭവിച്ചാൽ വിജയം കരയാൻ തുടങ്ങും. ആ നീണ്ടു നീലിച്ച നേത്രങ്ങൾ നനയുന്നതുകാണുന്നതു എനിക്കു വിഷമമാണ്. ആ കണ്ണുനീരുകാണുമ്പോൾ ഞാൻ എന്നെത്തന്നെ മറക്കുകയായി. "ചിരിയും കരച്ചിലും" അതു സ്ത്രീകളുടെ രണ്ടു രക്ഷാകവചങ്ങളാണ്.

പിന്നെയും ഞങ്ങൾ ജീവിച്ചു. ഭാര്യയും ഭർത്താവും. അല്ല; അച്ഛനും അമ്മയും. ഞങ്ങൾ പരസ്പരം മറന്നും മറച്ചും കഴിഞ്ഞുകൂടി. പക്ഷേ സംശയങ്ങളുടെ പ്രേതങ്ങൾ എന്നെ അനുഗമിച്ചുകൊണ്ടിരുന്നു. അവ എന്നെ അലട്ടുന്നുണ്ടായിരുന്നു. ഞാൻ അറിഞ്ഞിട്ടില്ലാത്ത ഏതോ മഹാരഹസ്യം എന്റെ ഭാര്യ ഒളിക്കുന്നുണ്ട്. ഞാൻ വീട്ടിൽ ഇല്ലാത്തപ്പോൾ വിജയം ഏകാന്തതയും നിശ്ശബ്ദതയുമാണു ഇഷ്ടപ്പെട്ടതു്. അവൾ ഒരു മുറിയിൽ കയറി കതകടച്ചിരിക്കുക പതിവാണ്. അയൽപക്കത്തുകാരിൽ നിന്നും ഞാൻ ഈ വിവരങ്ങളെല്ലാം അറിഞ്ഞു. ഞാൻ അടുത്തില്ലെങ്കിൽ അവളിൽ ഒരു വിഷാദാത്മകത്വം. അതു് എന്തിനു്? ഞാൻ സ്വയം ചോദി

ച്ചു മറുപടികിട്ടാത്ത ചോദ്യങ്ങൾ. എന്റെ സംശയങ്ങൾക്കു ബലവും ഉറപ്പുമുണ്ടായി.

ഞാൻ എന്റെ സംശയങ്ങൾ ചോദിച്ചാൽ വിജയം ചിരിച്ചുകളയും. കൊല്ലുന്നചിരി! പരിഭവിച്ചാലേ ? കണ്ണുനീര്! എന്തുചെയ്യാം ഭർത്താവല്ലേ ഞാൻ സഹിച്ചു.

പിന്നെയും ദിവസങ്ങൾ നീങ്ങി. വിജയം അവളുടെ വീട്ടിലേക്കു ഒരു ദിവസംപോയി. ഞാൻ കൂടെപോയില്ല. അവളുടെ നിർബ്ബന്ധം പിടിച്ച ക്ഷണത്തിൽനിന്നും ഞാൻ തെറ്റിമാറി. വിജയം അവളുടെ പെട്ടികളെല്ലാം പൂട്ടി താക്കോലും കൊണ്ടാണുപോയതു്. ആ പെട്ടിയ്ക്കകമൊന്നു കാണുവാനുള്ള എന്റെ അത്യാഗ്രഹം ഒന്നുകൂടിവർദ്ധിച്ചു.

നല്ല അവസരം ഞാനതു പാഴാക്കിയില്ല. മുറിയ്ക്കകത്തുകയറി കതകടച്ചശേഷം ആ പെട്ടി കുത്തിപ്പൊളിച്ചു് തുറന്നു അതിനകത്തു വിശേഷമായി ഒന്നുമില്ല കുറെ ബ്ളൗസും സാരിയും അലക്കിവച്ചിട്ടുണ്ടു്. എനിക്കു അല്പം നിരാശ തോന്നി. തന്നത്താൻ ഇളിഭ്യനായി. പക്ഷെ ആ വസ്ത്രങ്ങളെല്ലാം ഞാൻ ഓരോന്നായി പരിശോധിക്കാൻ തുടങ്ങി പെട്ടിയുടെ അടിയിൽ ഒരു കടലാസുപൊതി ആർത്തിയോടുകൂടി ഞാനതു കൈയ്യിലാക്കി അഴിച്ചു. ഒരു ഡയറി. 1118ലെ ചുവന്ന പുറംതാളുള്ള മനോഹരമായ ഒരു ഡയറി. ഞാൻ ആകപ്പാടെ അതിന്റെ പേജുകൾ മറിച്ചു് ഓടിച്ചൊന്നുവായിച്ചു. നടുക്കുന്ന ചില പരമാർത്ഥങ്ങൾ! സ്തംഭിപ്പിക്കുന്ന ചില ജീവിതരഹസ്യങ്ങൾ! അവളുടെ കഴിഞ്ഞ കാലചരിത്രങ്ങൾ! ഞാൻ ഡയറിയുമായി വെളിയിൽ എന്റെ കസേരയിൽ വന്നുകിടന്നു് ഓരോ പേജും വായിച്ചു.

ഹൃദയം ചലിച്ചില്ല മരവിച്ചില്ല. എനിക്കു ബോധക്കേടൊന്നും സംഭവിച്ചുമില്ല. ഞാൻ അതു മുഴുവൻ വായിച്ചുതീർത്തു. എന്റെ ശരീരം വിയർത്തുപോയെങ്കിലും, തളർന്നില്ല. ആ ഡയറി ഞാൻ കാണേണ്ടതില്ലായിരുന്നെന്നു എനിക്കു തോന്നി. ഒരു തീക്കൊള്ളി എന്റെ കയ്യിൽ പാറിയിരിക്കുന്നതുപോലെ എന്റെ കൈത്തലത്തിനു ഒരു പൊള്ളൽ! ഡയറിയുടെ അകത്തെ പുറംതാളിൽ ഒരു ഫോട്ടോ ഒട്ടിച്ചുവച്ചിട്ടുണ്ടു്. സുമുഖനായ ഒരു യുവാവിന്റെ പടം. അതു ഞാൻ വളരെനേരം നോക്കിക്കണ്ടു. എനിക്കു അനുഭവപ്പെട്ട വിമ്മിഷ്ടത്തിനു പരിധിയില്ല. ആ പൊള്ളുന്ന അനുഭവങ്ങൾ എഴുതുവാൻ വാക്കുകളില്ല. ഞാൻ പിന്നെയും ആ ഡയറി പരിശോധിച്ചു. തിരിച്ചും മറിച്ചും നോക്കി. ഓരോതാളും പ്രത്യേകം പ്രത്യേകം നോക്കി. പുറംതാളിൽ ഒരുറയുണ്ടു്. ഉറയിൽ ഒരു കത്തു് ഭദ്രമായി സൂക്ഷിച്ചുവച്ചിരിക്കുന്നു. ഞാൻ ആ കത്തും കൈയ്യിലെടുത്തു വായിച്ചു. ആ കത്തു് ഇന്നും ഞാൻ സൂക്ഷിച്ചിട്ടുണ്ടു്. ഇതെഴുതുമ്പോഴും ആ കത്തു് എന്റെ കയ്യിൽതന്നെ ഇരിക്കുന്നു. അതിന്റെ രൂപം അതേപടി താഴെ ചേർക്കുകയാണു്.

ന്യൂഡൽഹി,
1947 മാർച്ചു് 8.

തങ്കം,

കത്തുകിട്ടി. ആശ്വാസപ്രദവും നാം പ്രതീക്ഷിച്ചിരുന്നതുപോലെയും സംഭവിച്ചു. അടുത്ത മെയ് മാസം മുതൽ എനിക്കു ബാംഗ്ളൂരിൽ ജോലികിട്ടും. അവിടെ താമസിയ്ക്കുവാനുള്ള സകല ഏർപ്പാടുകളും ചെയ്തുകഴിഞ്ഞു. മേൽവിലാസത്തിന്റെ പൂർണ്ണരൂപവും മറ്റു പരിപാടികളും പിന്നാലെ അറിയിക്കാം. നിന്റെ ഭർത്താവെന്നു പറയുന്നവനെ കൊലപ്പെടുത്തിയിട്ടു് ഒളിച്ചുവന്നു കളയാമെന്നാണല്ലോ നീ എഴുതിയിരിക്കുന്നതു്. അതു വേണമെന്നില്ല ആ പാവം ജീവിച്ചുകൊള്ളട്ടെ. അവനെ കൊല്ലരുതു്. അവിടെനിന്നും ഒളിച്ചുചാടിപ്പോന്നാൽ മതി. അതിനാവശ്യമായ നിർദ്ദേശങ്ങളും മാർഗ്ഗങ്ങളും നൽകി നിന്നെ സഹായിക്കാൻ ഞാൻ ഒരാളിനെ എഴുത്തും കൊടുത്തു് അവിടേക്കയക്കാം. എഴുത്തുംകൊണ്ടുവരുന്നവൻ നമ്മൾക്കു് മുമ്പു് എഴുത്തുകൾ അന്യോന്യം കൈമാറാൻ സഹായിച്ചുകൊണ്ടിരുന്ന കൊച്ചുകേശവനാണു്. അവൻ ഇവിടെ എന്റെ കൂടെയുണ്ടു്. അവനിൽനിന്നും പൂർണ്ണവിവരങ്ങൾ ഗ്രഹിക്കാം. നിന്റെ ഭർത്താവെന്നും പറഞ്ഞു നടക്കുന്ന ആ തടിമാടൻ നമ്മളുടെ കാമനക്കു

ത്തിനെ ഉമ്മവയ്ക്കുവാൻ സമ്മതിക്കരുതു്. അ തങ്കക്കുടത്തിനെ സ്വയംകൊണ്ടു് എന്റെ അമ്മ ണിവന്നരികത്തുന്ന ശുഭമുഹൂർത്തവും പ്രതീക്ഷിച്ചു കൊണ്ടുതന്നെ ഞാൻ നിമിഷങ്ങൾ കഴിക്കുകയാണു്. തങ്കം എന്റെ ഒരു ചുംബനം. മറുപടി ഉടനെ എഴുതുക.

എന്നു്,
നിന്റെ,
"........................"

എന്റെ ചിന്തകൾക്കു തീപിടിച്ചു. "ഭാര്യ!" ഞാൻ അലറി, തലമുടിക്കു ചുററിപ്പിടിച്ചു വലിച്ചു പിഴുതുകൊണ്ടു് ഞാൻ അട്ടഹസിച്ചു. സ്ത്രീ! ഭാര്യ!

ഞാൻ എന്തിനാണു ജീവിക്കുന്നതു്. എന്നെ കൊലപ്പെടുത്തിയിട്ടു് അവൾ ഒളിച്ചു പോകാനിരിക്കയാണത്രെ. ആ ഓമനക്കുഞ്ഞു് എന്റേതല്ലത്രേ. ശരി ശരി. ഇപ്പോഴല്ലേ കാര്യങ്ങൾ മനസ്സിലായതു്. എനിക്കു് പലതും അപ്പോൾ ഓർമ്മവന്നു. കുഞ്ഞിനെ ഉമ്മവച്ചാൽ അവൾ വിലക്കും, കവിളു ചാടിപ്പോകുമത്രേ. അവളുടെ വിദ്യ. എന്റെ പൗരുഷം അതിനെപ്പററി എനിക്കോർമ്മവന്നു. ഞാൻ എന്നെത്തന്നെ മറന്നു. ഭ്രാന്തു പിടിച്ചതുപോലെ എനിക്കുതോന്നി. ഒരു നീണ്ട കത്തിതേച്ചു മിനുക്കി ആ എഴുത്തും ഡയറിയും എടുത്തു് ഞാൻ വെളിയിലേക്കിറങ്ങി.

ഞാൻ ഇറങ്ങിയതു മാത്രമേ എനിക്കോർമ്മയുള്ളു. എന്നെ കൊല്ലാനിരുന്ന ഘാതകിയെ ഞാൻ കണ്ടു. ഹാ! ഈ കത്തി—ഒളിച്ചുപാർക്കുമ്പോഴും ഞാൻ കൊണ്ടുനടക്കുന്ന ഈ കത്തി ഹാ—ഹാ—വിജയത്തിന്റെ രക്തം കുടിച്ചു സന്തുഷ്ടനായി ചിരിച്ചുകൊണ്ടിരിക്കുന്ന ഈ കത്തി—ഇന്നും എന്റെകൂടെയുണ്ടു്. അവളുടെ രക്തം ഈ കത്തിയിൽ ഉണങ്ങിപ്പിടിച്ചിരുപ്പുണ്ടു്! അവളെക്കൊല്ലിച്ച ഈ എഴുത്തും—അവളെക്കൊന്ന ഈ കത്തിയും എന്റെ നിത്യസഹചാരികളാണു്—

---


## 'ശരീരമാദ്യം ഖലുധർമ്മസാധനം.'

ഒരിക്കലും ഭേദപ്പെടുകയില്ലെന്നു വിശ്വസിച്ചു് നിരാശക്കുണ്ടിൽ അകപ്പെട്ടു് ജീവിതം നയിച്ചുവന്ന അനേകം രോഗികൾ ഞങ്ങളുടെ ഔഷധം ഉപയോഗിച്ചു് ആരോഗ്യവും, ആയുസ്സും വർദ്ധിച്ചവരായി കരതലാമലകംപോലെ വെളിവായിരിക്കുന്നു.

'ജീവരക്ഷാമൃതം' എന്ന **ആനന്ദകുസുമാകരലേഹ്യം:—** അമൃതസഞ്ജീവിനിപോലെ ഫലം നൽകുന്നതു്. 20 ഡോസ് അടങ്ങിയ ഡപ്പിക്കു് വില രൂ 3

**ഗുന്മകുലാന്തകൻ:—** ഈ ഭയങ്കരവ്യാധിക്കു് കൃത്യംപററുന്ന ഒരു ദിവ്യയോഗം. (2 ആഴ്ച ഉപയോഗിച്ചാൽ മതി. ഡപ്പിഒന്നുക്കു് വില രൂ 3

**കാസശ്വാസസംഹാരി:—** ആശ്ചര്യകരമായ ഫലസിദ്ധിയുള്ളതു്. വില ഡപ്പിഒന്നുക്കു് രൂ. 3

ഞങ്ങളുടെ പുതിയ ക്യാററ്ലാഗിനു് ആവശ്യപ്പെടുക:—

മദ്രാസ് ജീവരക്ഷാമണിവൈദ്യശാല,
മെയിൻറോഡു്—കൊല്ലം.

# ഹിന്ദുമുസ്ലിം സംസ്കാരസങ്കലനം.

(പി. കെ. പരമേശ്വരൻനായർ ബി. എ.)

മതപ്രചരണത്തെ മുൻനിർത്തി, വാളിന്റെ വായ്ത്തലകൊണ്ടാണു് ഭാരതത്തിലെ മുസ്ലിം ആധിപത്യം സ്ഥാപിക്കപ്പെട്ടതെങ്കിലും, സംസ്ഥാനങ്ങളുടെ സുസ്ഥിതിക്കും ഭരണനിർവഹണത്തിനും മുസ്ലിം രാജാക്കന്മാർ ക്രമേണ ഹിന്ദുക്കളുടെ വിശ്വാസവും സഹകരണവും സമാർജ്ജിക്കേണ്ടിവന്നു. മതഭ്രാന്തന്മാരായ ചില ചക്രവർത്തിമാർ, രാഷ്ട്രതന്ത്രത്തെക്കാൾ മതത്തെ പ്രധാനമായി കരുതിയെങ്കിൽ, ആ നയത്തിന്റെ തിക്തഫലം അവർ അനുഭവിക്കുകയും ചെയ്തു. ഭുജബലപരാക്രമിയെങ്കിലും, മുഗൾസാമ്രാജ്യത്തിന്റെ ശിഥിലീകരണത്തിനു കാരണഭൂതനായ ഔറംഗസീബ് ചക്രവർത്തിയുടെ രാജ്യഭരണത്തെക്കാൾ പററിയ മറെറാരു ദൃഷ്ടാന്തം ഇതിലേക്ക് ആവശ്യമില്ല. നേരേമറിച്ച് ഭരണകൃത്യത്തിലും രാജ്യസംരക്ഷണത്തിലും മതചിന്തയെ വിസ്മരിച്ച് ഹിന്ദുക്കളേയും മുസ്ലിങ്ങളേയും സമനിലയിൽ കരുതുവാൻ കഴിഞ്ഞ അക്ബറുടെ കാലം മുഗൾസാമ്രാജ്യത്തിന്റെ എന്നല്ല ഭാരതചരിത്രത്തിന്റെ തന്നെ ഏററവും സുവർണ്ണമായ ഒരു ഘട്ടത്തെയാണു സൂചിപ്പിക്കുന്നതു്.

താല്ക്കാലികമായ ആക്രമണത്തിനും കവർച്ചയ്ക്കും മാത്രമല്ലാതെ ഇൻഡ്യയിൽ വന്നു് ചെറിയ സംസ്ഥാനങ്ങളെങ്കിലും സ്ഥാപിച്ച മുസ്ലിം രാജാക്കന്മാരെല്ലാം, ക്രമേണ പ്രകടമായ മതപ്രതിപത്തി ഉപേക്ഷിച്ച് ഹിന്ദുപ്രജകളുടെ വിശ്വാസം സമാർജ്ജിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി. ആദ്യകാലത്തു് ഡൽഹി, കനൌജ്, ഗ്വാളിയർ, ഗൌർ മുതലായ രാജ്യങ്ങളിലെ ഹിന്ദുരാജാക്കന്മാരെ നിഷ്കാസനം ചെയ്ത് അവരുടെ സ്ഥാനങ്ങളിൽ ആധിപത്യം നേടിയ മുസ്ലിം ഭരണാധികാരികൾതന്നെ, തലസ്ഥാനങ്ങൾക്കു വെളിയിൽ ശക്തിയും സ്വാധീനവും ചെലുത്തിയിരുന്ന ഹിന്ദുപ്രഭുക്കന്മാരുടെയും ദേശാധിപന്മാരുടേയും സഹായംകൂടാതെ ഭരണകൃത്യം നിർവഹിക്കുവാൻ ദുസ്സാധ്യമെന്നു കണ്ടു. ലാക്കരനാക്കി, മഹമ്മദീയഭരണാധികാരികളുടെ സമാധാനധ്വംസനം ചെയ്യുവാൻ ജാഗരൂകന്മാരായിരുന്ന ഇടപ്രഭുക്കന്മാരെക്കൂടാതെ വിച്ഛിന്നമായ ഹൈന്ദവശക്തികളുടെ ഘടകങ്ങളായ സൈനികവിഭാഗങ്ങൾ അവിടവിടെ അക്രമത്തിനും കവർച്ചയ്ക്കും തയ്യാറായിരുന്നതിനാൽ, മിക്ക മുസ്ലിം സംസ്ഥാനങ്ങളിലും സമാധാനപരമായ ഭരണം ദുർഘടമായിത്തീർന്നു. ഈ വക വൈഷമ്യങ്ങളെ തരണംചെയ്യുവാൻ ഭരണാധികാരികൾ ക്രമേണ ഹൈന്ദവവിഭാഗത്തെ രഞ്ജിപ്പിക്കാനുള്ള പരിശ്രമം ആദ്യകാലം മുതല്ക്കേ തുടരാതിരുന്നില്ല. രാജഭോഗങ്ങൾ ശരിയായി പിരിക്കുന്നതിനു് ഗ്രാമീണജനതയുടെ പ്രീണനം അത്യാവശ്യമായിവന്നു.

ഹിന്ദുക്കൾ സിവിൽഭരണത്തിൽ നല്ല പരിചയവും തഴക്കവും ഉള്ളവരായിരുന്നു. അവരുടെ ഇടയ്ക്കു്, സംഘടന കുറവായിരുന്നെങ്കിലും ആയോധനത്തിലും രാജ്യതന്ത്രത്തിലും ഒരുപോലെ നിപുണതയുള്ള വ്യക്തികളും വർഗ്ഗങ്ങളും അനവധിയുണ്ടായിരുന്നു. നയജ്ഞന്മാരായ മുസ്ലിംരാജാക്കന്മാർ, നല്ല പ്രതിഫലംകൊടുത്തു് അങ്ങിനെയുള്ളവരുടെ സഹായസഹകരണങ്ങളും വിശ്വസ്തതയും സമാർജ്ജിച്ചു. മഹമ്മദ് ഗസ്നിയെപ്പോലെയുള്ള ഒരു മതാഭിമാനിപോലും ഈ നയത്തിന്റെ പ്രയോജനം മനസ്സിലാക്കി. മദ്ധ്യേഷ്യയിൽ, ഗസ്നി നടത്തിയ യുദ്ധങ്ങളിൽ അദ്ദേഹത്തിന്റെ സൈന്യത്തിലെ ഒരു നല്ല വിഭാഗം ഹിന്ദുഭടന്മാരായിരുന്നു. 'നിയാൾട്ടിജിൻ' എന്ന സ്വന്തം മുസ്ലിം സൈന്യാധിപൻ ഗസ്നിയെ എതിർത്തപ്പോൾ അയാളെ അമർത്തുവാൻ സുൽത്താൻ നിയോഗിച്ചതു്, തന്റെ ഹിന്ദുസേനാനിയായിരുന്ന 'ടിലാക്കി'നെയായിരുന്നുവെന്നു മനസ്സിലാക്കുമ്പോൾ യുദ്ധത്തിലും ഭരണതന്ത്രത്തിലും മഹമ്മദീയചക്രവർത്തിമാർ മതപരമായ പരിഗണനകൾക്കു നല്കിയ സ്ഥാനം അത്ര പ്രധാനമായിട്ടുള്ളതല്ലായിരുന്നുവെന്നു കാണാം.

മുഗൾചക്രവൎത്തിമാരുടെ കാലമായപ്പോൾ മേൽപ്പറഞ്ഞ ഞെരുക്കങ്ങളോടൊപ്പം കൂട്ടത്തിൽ തിരി പുഷ്ടമായി. അവർ ഭാരതത്തെയും ഭാരതീയമായ സകലത്തിനെയും സ്നേഹിച്ച രാജ്യാഭിമാനികളാണ്. അൌറംഗസീബൊഴിച്ച് മററു മുഗിലചക്രവൎത്തിമാരാരും മതപ്രചരണത്തെ ഒരു നയമായി തുടൎന്നില്ല. ഹിന്ദുമതത്തെ ധ്വംസിച്ചിട്ട് ഇൻഡ്യയിൽ ഒരു ഭരണകൂടം സ്ഥാപിക്കുകയെന്നുള്ളതിന്റെ അസാദ്ധ്യത മുഗിലന്മാർ നല്ലതുപോലെ മനസ്സിലാക്കി. മഹാനായ അക്ബർ കേവലം പ്രായോഗികവീക്ഷണംകൊണ്ടു മാത്രമല്ല, യഥാൎത്ഥമായ മനഃസംസ്കാരംകൊണ്ടുതന്നെ ഐക്യഭാരതതത്വത്തിൽ അചഞ്ചലമായി വിശ്വസിച്ചു. ഇൻഡ്യതന്നെയല്ല, യൂറോപ്പും അന്ന് മതപരമായ അസഹിഷ്ണുതയും പരസ്പരസമരവുംകൊണ്ട് എരിപൊരികൊള്ളുന്ന ഒരു കാലമായിരുന്നു. അക്ബറുടെ വിശാലഹൃദയം ആ മഹാപുരുഷനെ, അധന്യമായ ആ കാലത്തിന്റെ സ്വാഭാവികമായ സങ്കുചിതവീക്ഷണഗതികൾക്ക് അതീതനാക്കിത്തീൎത്തു. മതസഹിഷ്ണുത പ്രസംഗിക്കുകമാത്രമല്ല, സ്വജീവിതത്തിലും, രാജ്യഭരണനയത്തിലും അതു് സുദൃഢമായ രീതിയിൽ അക്ബർ അനുഷ്ഠിക്കുകകൂടി ചെയ്തു. സൂഫിദർശനന്മാരുടെ ക്രാന്തദർശനബുദ്ധിയാൽ അനുഗൃഹീതനായിരുന്ന അക്ബർക്കു മതങ്ങളെ ഭിന്നിപ്പിക്കുന്ന ക്ഷുദ്രഭിത്തികൾ നശ്ശൂന്യകരണങ്ങളായിരുന്നു. ഭിന്നതകൾക്കതീതമായി 'ദിൻഇലാഹി' (ദിവ്യമതം) എന്നൊരു നൂതനമതംതന്നെ സ്വന്തമായി അദ്ദേഹം സ്ഥാപിച്ചു. അബുൽഫസലിന്റെ വാക്കുകളിൽ പറഞ്ഞാൽ പ്രസ്തുത മതം എല്ലാമതങ്ങളുടെയും സാരമായ സത്ഗുണങ്ങൾ സംഗ്രഹിച്ചിട്ടുള്ള ഒരു നൂതനപഥമാണ്. അതിന്റെ ഉദ്ദേശം "ദൈവത്തെ ബഹുമാനിക്കുകയും, ജനങ്ങൾക്കു സമാധാനം നൽകുകയും സമുദായത്തിനു രക്ഷ നല്കുകയും" ആയിരുന്നു. മുസ്ലിം—ജൈന—ഹിന്ദു മതങ്ങളിലെ പല തത്വങ്ങളുടെയും സങ്കലനം അതിൽ കാണാം. 'ദിൻഇലാഹി'യിൽ അത്ര പലരെയും ചേർക്കുവാൻ അക്ബറിനു കഴിഞ്ഞില്ലെങ്കിലും, അതു് അക്ബറുടെ കാലത്തെ അതിജീവിച്ചില്ലെങ്കിലും, ഒരു ചക്രവൎത്തിയിൽനിന്നും ലോകത്തിനു സിദ്ധിച്ച ആദർശമെന്നുള്ള നിലയിൽ അതു് ലോകചരിത്രത്തിലെ ഒരു മഹാസംഭവമാണ്. ഒരു മുസ്ലീംചക്രവൎത്തിയിൽനിന്നും ഉടലെടുത്ത മതസമത്വബോധത്തിന്റെ ആ തേജഃപ്രസരം ഭാരതീയനഭോമണ്ഡലത്തിൽ എക്കാലത്തും ഒരു മാൎഗ്ഗദീപമായി പരിലസിക്കുന്നതാണ്. മതപരിവൎത്തനവിഷയത്തിൽ അക്ബറുടെ മനോഭാവത്തെ അദ്ദേഹം ഒരവസരത്തിൽ ഇപ്രകാരം വെളിപ്പെടുത്തി. "മുമ്പൊക്കെ ഞാനും എന്റെ വിശ്വാസമനുസരിച്ച് ഇതരമതസ്ഥരെ പീഡിപ്പിക്കുകയും, അതു ഇസ്ലാംമതമാണെന്നു വിചാരിക്കുകയും ചെയ്തു. എന്നാൽ എന്റെ അറിവ് വൎദ്ധിച്ചപ്പോൾ ഞാൻ ലജ്ജാധീനനായി. നിൎബ്ബന്ധംകൊണ്ട് മതംമാറുന്നവരുടെ വിശ്വാസത്തിന് വല്ല ദാൎഢ്യവും ഉണ്ടോ ?" ഈ തത്വം അടിസ്ഥാനപ്പെടുത്തിയുള്ള സകലവിധ അസമത്വങ്ങളെയും അദ്ദേഹം നിറുത്തൽചെയ്തു. 'ജസിയാ' 'തീൎത്ഥാടനനികുതി' മുതലായി ഹിന്ദുക്കളുടെമേൽ അക്ബറുടെ പൂൎവ്വികന്മാർ ചുമത്തിയിരുന്ന പല നികുതികളും മാററി ഹൈന്ദവജനങ്ങളുടെ ആത്മാഭിമാനത്തെയും വിശ്വാസസ്വാതന്ത്ര്യത്തെയും അദ്ദേഹം സംരക്ഷിച്ചു. ഹിന്ദുമുസ്ലീംവിവാഹബന്ധങ്ങൾക്കുകൂടി അക്ബർ പ്രോത്സാഹനം നൽകിയപ്പോൾ അദ്ദേഹത്തിന്റെ വിശാലമനസ്കത അതിന്റെ പരമകാഷ്ഠയിൽ പ്രകാശിച്ചു. അംബർ, ബിക്കാനിർ, ജയിസാൽമർ മുതലായ രജപുത്രവംശങ്ങളുമായി അദ്ദേഹം വിവാഹബന്ധത്തിൽ ഏൎപ്പെട്ടു. അനന്തരകാലത്ത് രാജ്യാവകാശിയായിത്തീൎന്ന സലിം (ജഹാംഗിർചക്രവൎത്തി) ഒരു ഹൈന്ദവരാജകുമാരിയിൽ ജനിച്ച പുത്രനായിരുന്നു. രാജധാനിയിൽ, മുസ്ലിം പ്രഭുക്കന്മാൎക്കു തുല്യമായ സ്ഥാനങ്ങളും പദവികളും തന്നെ ഹിന്ദുപ്രഭുക്കന്മാൎക്കും രാജകുടുംബാംഗങ്ങൾക്കും അക്ബർ നല്കി അവരെ വേണ്ടവിധം ബഹുമാനിച്ചു. ഉത്തരവാദിത്വവും വിശ്വസ്തതയും ഉള്ള പല ഉന്നതമായ ഉദ്യോഗങ്ങളിലും അദ്ദേഹം ഹിന്ദുക്കളെ നിയമിച്ചു. ആകപ്പാടെ അക്ബറുടെ കാലം ഹിന്ദുമുസ്ലിംമൈത്രിയുടെയും സംയോജനയുടെയും അഭേദ്യകതയെയും സാഖ്യതയെയും സ്പഷ്ടമാക്കിക്കാണിച്ചു. ക്രൈസ്തവാദർശങ്ങൾ പ്രചരിച്ചിരുന്ന യൂറോപ്പിൽപോലും മതപരമായ ദി

ന്നതകളും സമരങ്ങളുംകൊണ്ടു രാജ്യാധിപന്മാർ അവിശ്വാസികളെ തീയിലിട്ടു ദഹിപ്പിക്കുകയും റോഡിൽ ഇഴച്ചു കൊല്ലിക്കുകയും ചെയ്തുവന്ന കാലത്തു്, സ്വമതസ്ഥരുടെ അപ്രീതിക്കു പാത്രമായാലും വിധേയനായി അന്യമതങ്ങളെ ബഹുമാനിക്കത്തക്ക ഹൃദയവിശാലത പ്രദർശിപ്പിച്ച ഈ ഭാരതീയ ചക്രവർത്തിയെപ്പററി അഭിമാനം തോന്നാത്തതു്! ഹിന്ദുമുസ്ലിം ഭേദങ്ങൾകൊണ്ടു് രാജ്യത്തിലെ രാഷ്ട്രീയമായ വളർച്ചതന്നെ സ്തംഭനാവസ്ഥയിൽ ഇരിക്കുന്ന ഇക്കാലത്തു് അക്ബറുടെ ചരിത്രം ഭാരതത്തിനു് പ്രചോദനം നൽകേണ്ടതാണ്.

അക്ബറുടെ നയം ഏററവും സ്വാഭാവികമായ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു. സാംസ്കാരികമായ സങ്കലനാഭിലാഷം മനുഷ്യസ്വഭാവത്തിന്റെ ഒരു പ്രത്യേകതയാണ്. സംസ്കാരങ്ങൾ തമ്മിൽ യോജിക്കുവാനല്ലാതെ ഭിന്നിക്കുവാനുള്ള പ്രവണതയല്ല സാധാരണയായിട്ടുള്ളതു്. എന്നാൽ ദേശകാലപരിതഃസ്ഥിതികളും, മനുഷ്യകൃതമായ പ്രതിബന്ധങ്ങളും മൂലം സംസ്കാരങ്ങൾ അകന്നു പിരിഞ്ഞു നില്ക്കുന്നു. ഭാരതചരിത്രം പരിശോധിച്ചാൽ, ഹിന്ദുമുസ്ലിം സംസ്കാരങ്ങൾ കൃത്രിമങ്ങളായ ബാഹ്യശക്തികളെ അതിലംഘിച്ചു് സ്വാഭാവികമായ സങ്കലനത്തിലേക്കു് മാർഗ്ഗം തെളിച്ചിട്ടുള്ളതിന്റെ അനവധി ദൃഷ്ടാന്തങ്ങൾ കാണുവാൻ കഴിയും. മഹമ്മദുമതത്തിലേക്കു് പരിവർത്തനംചെയ്യപ്പെട്ട പല കുടുംബക്കാരും ആചാരങ്ങളിലും ജീവിതരീതികളിലും അവരുടെ ഹൈന്ദവരീതികൾതന്നെ തുടർന്നുവന്നു. വിശേഷിച്ചു് മുസ്ലിങ്ങൾ വിവാഹംചെയ്ത ഹിന്ദുസ്ത്രീകളിൽനിന്നുണ്ടായ സന്താനങ്ങൾ പലപ്പോഴും അവരുടെ മാതാക്കളുടെ സമുദായജീവിതരീതികൾതന്നെ അവലംബിച്ചിരുന്നു. കത്തിയവാറിലെ ഖോജാവർഗ്ഗക്കാരായ മുസ്ലിങ്ങളെ തന്നെ നോക്കുക. അവർ ഈ അടുത്തകാലംവരെ പിൻതുടർച്ചക്കാര്യത്തിൽ ഹിന്ദുനിയമമാണ് അനുസരിച്ചുവന്നതു്. അനേക തലമുറകൾക്കുമുമ്പ ഹിന്ദുമതം വിട്ടിട്ടുള്ള അനവധി മുസ്ലിംഗ്രാമീണകുടുംബക്കാർ ഇന്നും അവരുടെ കുടുംബസംബന്ധമായ കാര്യങ്ങൾക്കും മററും ഹിന്ദുജ്യോത്സ്യന്മാരോടു് ആലോചിക്കുകയും അവരുടെ ഉപദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുക ഇൻഡ്യയിൽ പലയിടത്തും നടപ്പുണ്ടു്. ഉത്തരഇൻഡ്യയിൽ ഹിന്ദുദേവന്മാരെ ആരാധിക്കുന്ന മുസ്ലിങ്ങളും മുസ്ലിംപുണ്യപുരുഷന്മാരുടെ സമാധിസ്ഥലങ്ങളിൽ അർച്ചനചെയ്യുന്ന ഹിന്ദുഗ്രാമീണരും കുറവല്ല.

1931-ലെ ഇൻഡ്യൻസെൻസസ്സ് റിപ്പോർട്ട് തയാർചെയ്ത ഡാക്ടർ ജെ. എച്ച്. ഹട്ടൺ, ഹൈന്ദവങ്ങളും മഹമ്മദീയങ്ങളുമായ ആചാരങ്ങൾ യാതൊരു ഭേദബുദ്ധിയുംകൂടാതെ ആചരിച്ചുവരുന്ന അനേകം വർഗ്ഗക്കാരെ തന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. മാൾവായിലെ 'നായിതന്മാർ' എന്ന വർഗ്ഗം ഗണപതിയേയും അള്ളാവിനേയും ഒരുപോലെ ആരാധിക്കുന്നവരത്രെ. അതേസമയംതന്നെ അവരുടെ ആചാരങ്ങളും നാമങ്ങളും എല്ലാം ഹിന്ദുക്കളുടേതാണ്. 'ഹുസൈനിബ്രാഹ്മണർ' എന്നൊരുകൂട്ടരുണ്ടു്. അവർ മുസ്ലിംമതം സ്വീകരിച്ച ഒരു ബ്രാഹ്മണവർഗ്ഗമാണ്. എന്നാൽ ഇവരുടെ ആചാരങ്ങൾ ഇന്നും ബ്രാഹ്മണരുടേതാണ്. മുസ്ലിങ്ങളിൽ 'സയ്യദ്' വർഗ്ഗക്കാരോടുമാത്രമേ ഇവർ പന്തിഭോജനം നടത്താറുള്ളുവത്രെ. മഹമ്മദീയരുടെ ഇടയ്ക്കു് വർണ്ണവിഭാഗമില്ലെങ്കിലും, ഇതു് മറിച്ചുള്ള ഒരുദാഹരണമാണല്ലോ. ഐക്യസംസ്ഥാനങ്ങളിലെ 'മൽക്കാന'ന്മാരും ബംഗാളിലെ 'പട്വ'ന്മാരും ഏററക്കുറെ ഹിന്ദുമുസ്ലിംമതാചാരങ്ങളുടെ സങ്കലിതരീതികൾ സ്വീകരിച്ചിട്ടുള്ള വർഗ്ഗമാണ്.

മുസ്ലിങ്ങളുടെ ആചാരങ്ങൾ ഹിന്ദുക്കളെ ബാധിച്ചിട്ടുള്ളതിന്റെ ദൃഷ്ടാന്തങ്ങൾ ഒട്ടും കുറവല്ല. സ്ത്രീകളുടെ ഘോഷാസമ്പ്രദായം ഹിന്ദുക്കൾ മുസ്ലിങ്ങളിൽനിന്നു പകർത്തിയതാണെന്നുവേണം വിചാരിക്കുവാൻ. ആദ്യകാലത്തു് ഇൻഡ്യയിൽ ഇതു നടപ്പില്ലായിരുന്നു. മുസ്ലിങ്ങളുടെ വേഷവിധാനങ്ങളിൽനിന്നും ഉന്നതരായ ഹിന്ദുക്കൾ പലതും അനുകരിച്ചിട്ടുണ്ടു്. ഹൈന്ദവരാജാക്കന്മാരുടെ വസ്ത്രാലങ്കാരങ്ങളിൽ ഇതിന്റെ ലക്ഷണങ്ങൾ വളരെയുണ്ടു്.

കൊത്തുപണി, ചിത്രമെഴുത്തു് മുതലായവ

ത്തിൽ മുസ്ലിം സമ്പർക്കംവരുത്തിയ പരിവർത്തനങ്ങൾ സാരമായിട്ടുള്ളവയാണ്. രജപുത്രന്മാരുടെ ചിത്രമെഴുത്തുകളിൽ കാണുന്ന പേർഷ്യൻ സ്വഭാവവിശേഷത്തിനു കാരണം മുസ്ലിംസംസ്കാരസമ്പർക്കമാണെന്നുള്ളതു് വിശദമാണല്ലോ. ഇൻഡ്യയിലെ വാസ്തുവിദ്യയിൽ മുസ്ലിംരീതികൾ വളരെയൊക്കെ പകർത്തിയിട്ടുണ്ട്. സ്തൂപങ്ങൾ, മണിമാളികകൾ, വളച്ചു വാതലുകൾ മുതലായവയോടുകൂടിയുള്ള ഹൈന്ദവഹർമ്മ്യങ്ങൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. ഇൻഡ്യയിലെ സംഗീതകലയും രണ്ടുവർഗ്ഗങ്ങളുടെയും ചിരകാലത്തെ സംസ്കാരസങ്കലനത്തിന്റെ ലക്ഷണങ്ങൾ വളരെ ഒക്കെ പ്രദർശിപ്പിക്കുന്നു. ഇന്നു് ഭാരതീയസംഗീതകലയുടെ ഏററവും പ്രശസ്തരായ പ്രമാണികളിൽ ചിലർ മുസ്ലിങ്ങളാണെന്നു കാണുമ്പോൾ ഈ സങ്കലനം എത്ര ഗാഢമായ ഒരു ബന്ധത്തിലാണ് കലാശിച്ചിരുന്നതെന്നു കാണാവുന്നതാണ്.

മതസംബന്ധമായ ആശയങ്ങളിലും വിശ്വാസങ്ങളിലുമാണ് ഹിന്ദുമുസ്ലിംസംസ്കാരങ്ങൾ ഇൻഡ്യയിൽ വലുതായ പരിവർത്തനങ്ങൾ വരുത്തിയിട്ടുള്ളതെന്നു തോന്നുന്നു. ആചാരശൃംഖലകളും പുരോഹിതാധിപത്യവും അടുത്ത കാലത്തു് രാഷ്ട്രീയ പരിതഃസ്ഥിതികളും ആവിർഭവിച്ചില്ലായിരുന്നെങ്കിൽ രണ്ടുമതങ്ങളും തമ്മിലുള്ള അകൽച്ച ഇന്നു് ഇത്രമേൽ ഭയങ്കരമാകുമായിരുന്നെന്നു തോന്നുന്നില്ല. ചിന്താസ്വാതന്ത്ര്യം ഉണ്ടായിരുന്നിടത്തെല്ലാം രണ്ടു മതങ്ങളും നല്ല ഭാഗങ്ങൾ പരസ്പരം നല്കുകയും കൈക്കൊൾകകയും ചെയ്തതിന്റെ പല ദൃഷ്ടാന്തങ്ങളും ചരിത്രത്തിൽനിന്നു ചൂണ്ടിക്കാണിക്കുവാൻ കഴിയും. രാമാനുജാചാര്യരുടെ ശിഷ്യൻ രാമാനന്ദന്റെ മതപ്രസ്ഥാനത്തിൽ (14-ാം ശതകം) മിക്കവാറും സാദി, ഹാഫിസ് മുതലായ പേർഷ്യൻസൂഫികളുടെ തത്വങ്ങളുടെ അഭിപ്രസരം വിശദമായി കാണാം. പതിനഞ്ചാം ശതകത്തിൽ ജീവിച്ചിരുന്ന കബീറിനെക്കാൾ, ഹിന്ദുമുസ്ലിം ഐക്യത്തിന്റെ കൂടുതൽ ഉജ്ജ്വലനായ ആദർശപുരുഷനെ ചൂണ്ടിക്കാണിക്കുവാനില്ല. അദ്ദേഹത്തിനു രണ്ടുമതസ്ഥരുടെയും ഇടയ്ക്കു് അനേകം ശിഷ്യന്മാരുണ്ടായിരുന്നു. രണ്ടുമതങ്ങളെയും അദ്ദേഹം നിഷ്പക്ഷബുദ്ധ്യാ നിരൂപണം ചെയ്യുകയും ചെയ്തു. ഈശ്വരന്റെ ഏകത്വമായിരുന്നു അദ്ദേഹത്തിന്റെ ആദർശം. അദ്ദേഹം ഇപ്രകാരം ഉപദേശിക്കുന്നു. "അല്ലായായിട്ടോ, രാമനായിട്ടോ, എങ്ങിനെ നിങ്ങൾ ഈശ്വരനെ ഭജിച്ചാലും ഈശ്വരൻ ഏകനാണ്... ഹിന്ദുദൈവം വാരാണസിയിൽ കുടികൊള്ളുന്നു; മഹമ്മദീയദൈവം മെക്കായിലും. എന്നാൽ വിശ്വം സൃഷ്ടിച്ച ദൈവം മനുഷ്യൻ ഉണ്ടാക്കിയ നഗരങ്ങളിലല്ല വസിക്കുന്നതു്."

ഇപ്രകാരമുള്ള ഹിന്ദുമുസ്ലിം സംസ്കാരസങ്കലനം ഇൻഡ്യയിലെ ഭാഷകളുടെ കാര്യത്തിലും എത്രയും വിശദമായി കാണുന്നു. ഉറുദുഭാഷ തന്നെ നോക്കുക. അതു് ഹിന്ദുക്കൾക്കും മുസ്ലിങ്ങൾക്കും ആദരണീയമാണ്. അഥവാ ഇൻഡ്യയിലെ ഏതൊരു ഏതദ്ദേശീയ ഭാഷയിലാണ് രണ്ടു സമുദായക്കാർക്കും ഒരുപോലെ അഭിമാനം വിചാരിക്കാനില്ലാത്തതു്?

ഇങ്ങിനെ വിവിധരീതിയിലും, ദീർഘകാലംകൊണ്ടും സംഭവിച്ചു വരുന്ന സംസ്കാരസങ്കലനം ഇൻഡ്യയിലെ ബ്രിട്ടീഷ് ആധിപത്യകാലംവരെ സ്വച്ഛന്ദം തുടരുകയായിരുന്നു. ബ്രിട്ടീഷ്ഭരണത്തോടുകൂടി രാഷ്ട്രീയപ്രശ്നങ്ങളുടെ കാലമായി. ഭിന്നിപ്പിച്ചു ഭരിക്കുന്ന നയം ആവിർഭവിച്ചു. അപ്പോൾമുതൽ സങ്കലനശക്തിയെക്കാൾ വിഘടനശക്തിക്കു് പ്രാബല്യംകൂടി. 1857-ലെ ഇൻഡ്യൻ ലഹളയിൽ ഹിന്ദുമുസ്ലിം ഭേദബുദ്ധി ഇല്ലായിരുന്നു. കോൺഗ്രസ്സിന്റെ ആരംഭകാലത്തും അതില്ലായിരുന്നു. രണ്ടുവർഗ്ഗക്കാരുടെയും ഐക്യം മൂന്നാംപക്ഷക്കാരന്റെ സ്ഥാനത്തിനു് ഹാനിയുണ്ടാക്കുമെന്നു കണ്ടപ്പോൾ, വിഭജനങ്ങൾ, ഭിന്നിപ്പുകൾ, കക്ഷിമത്സരങ്ങൾ, മതഭിന്നതകൾ മുതലായവയ്ക്കു് ആവശ്യം നേരിട്ടു. ഹിന്ദുമുസ്ലിങ്ങൾ വീണ്ടും അകന്നുതുടങ്ങി. മഹാത്മാഗാന്ധിയുടെ രംഗപ്രവേശം വീണ്ടും ഒരു ഐക്യബോധം സംജാതമാക്കി. എന്നാൽ രാഷ്ട്രീയതന്ത്രം അതിനെ വീണ്ടും ശിഥിലീകരിച്ചു. ഇന്നിതാ പാകിസ്ഥാൻവാദം അതിന്റെ വിജയക്കൊടി നാട്ടിക്കഴിഞ്ഞിരിക്കുന്നു. ഭാരതം രണ്ടായി പിളർന്നുകഴിഞ്ഞു.

# മൂന്നു രംഗങ്ങൾ.

(ഓ. എം. അനുജൻ.)

## I

മന്ദമായൊഴുകുന്ന
പൂഞ്ചോലതൻ തീരത്തു
സുന്ദരസുരഭില
സൂനങ്ങൾ സുസ്മേരമായ്
പച്ചിലകളിൽതെന്നൽ
മൂളീട്ടും മൂളിപ്പാട്ടി-
ലഞ്ചിതമോദം തല-
യാട്ടുന്ന നേരത്തിങ്കൽ.
ആനന്ദവിലീനനാ-
യായവയെല്ലാം വേഗം
ഗാനത്തിൽ, കവിതയിൽ
ഭംഗിയിൽ കോർത്തീടുവാൻ.

അക്കൊച്ചുനാട്ടിലനേക-
കവിയാമായാളെത്തും
നിത്യവുമഹസ്സു-
നസ്താദ്രിയണയുമ്പോൾ.
അന്തിമാർക്കരശ്മിക-
ളാഴിയിലലിഞ്ഞങ്ങു
സന്ധ്യതൻ പട്ടാംബര-
മിരുളാൽ മറയുമ്പോൾ.
നർത്തകി മറഞ്ഞൊരു
ന്നൃത്തരംഗത്തെപ്പോലെ-
യസ്തശോഭമാം വ്യോമ-
മണ്ഡലം വിളറുമ്പോൾ
അക്കവി മടങ്ങീട്ടു;-
മപ്പോഴെയ്ക്കൊരുകൃതി
നല്ലകലാചാതുര്യമോ-
ടെഴുതിത്തീരും നിത്യം.
വല്ലതും കവനത്തി-
ന്നാരാഞ്ഞീടുകയല്ലാ-
തില്ലയാൾക്കൊന്നും ലക്ഷ്യം
ജീവിതത്തിലന്നോളം.
എന്തിലുമശ്രദ്ധനാ-
ണെന്നും സംഭവിച്ചാലു-
മന്തരംഗത്തിൽ പ്രകൃ-
ത്യാനന്ദാഭോഗം മാത്രം.
അന്നാട്ടുകാർക്കാമർത്ത്യൻ
'മുഴുത്ത കമ്പക്കാരൻ'
മന്നിലോ, ചിന്താമഗ്ന-
നാമൊരു മഹാകവി!
ഒരുനാൾ ദിവാകര-
ശോഭയിൽ തിളങ്ങിയ
വിരിയും സുമങ്ങളെ-
സ്സസ്മിതം നോക്കിക്കൊണ്ടും,
കുളിർമന്ദവായുവി-
ലിളകും നെൽക്കൂട്ടത്തിൻ

---

പക്ഷേ ഈ പിളർപ്പ് വകവയ്ക്കുവാനുണ്ടോ? ഇല്ലെന്നാണ് വിശ്വസിക്കേണ്ടത്. ഭാരതത്തിന്റെ അഖണ്ഡത സ്വാഭാവികമാണ്; വിഭക്തത അസ്വാഭാവികവും. എത്ര വിഭിന്നസാമ്രാജ്യങ്ങളും, മതവിഭാഗങ്ങളും, വർഗ്ഗങ്ങളും ഭാരതത്തിലുണ്ടായിരുന്നു. എന്നിട്ടും അദൃശ്യമായ ഏതോ ഒരു ഏകീകരണശക്തി അതിനെ വീണ്ടും വീണ്ടും ഒന്നാക്കിക്കൊണ്ടുതന്നെ ഇരുന്നു. ആ ശക്തിയാണ് സാക്ഷാൽ ഭാരതീയ സംസ്കാരം. അതു് ഹൈന്ദവത്വത്തിനും, മഹമ്മദീയത്വത്തിനും അതീതമായി വർത്തിക്കുന്ന ഒരു ശക്തി തന്നെയാണ്. മുസ്ലീംലീഗും ഹിന്ദുമഹാസഭയും ആ ശക്തിയുടെ മുമ്പിൽ 'നഷ്ടപ്രകാശ'മായിപ്പോകും. കൂട്ടക്കൊലകൊണ്ടോ, ജനസംഖ്യയുടെ പകർച്ചകൊണ്ടോ നശിച്ചുപോകുന്ന ഒരു ശക്തിയല്ല അതു്. അതു് ഭാരതത്തെ വീണ്ടും ഒന്നാക്കും. ജിന്നായുടെ അഭിലാഷത്തെക്കാൾ മഹാത്മാഗാന്ധിയുടെ ആദർശംതന്നെ ലോകത്തിൽ പുലരും. ഭാരതം വീണ്ടും അഖണ്ഡമാകും എന്നുതന്നെ നമുക്കു പ്രതീക്ഷിക്കാം.

---

വള്ളഭം പ്രഭാപൂരം
നുകർന്നാനന്ദിച്ചും,
ഇടവും കാമമോദമായു-
ള്ളപ്പച്ചവയലെല്ലാം
തടവിക്കൊണ്ടൊമന്ദം
നടക്കും നേരത്തിങ്കൽ,
സ്തംഭിയ്ക്കുമാശ്ചര്യംപോൽ
സ്നേഹിതനൊരാളെത്തി
മുമ്പിലേ നിലകൊണ്ടു;
പരുങ്ങി ചിന്താശീലൻ!
പെട്ടെന്നു കവിതൻ
കടിഞ്ഞാൺപിടിക്കയാൽ
പാറിയില്ലൊരുവാക്കു-
മുരചെയ്‌വതിന്നപ്പോൾ.
"അങ്ങൊരു മഹാകവി,
ശരിതാൻ മനുഷ്യരെ-
യെണ്ണാതെയുയർന്നൊരു
നക്ഷത്രഗ്രഹവാസി!
മർത്ത്യജീവിതംപോലും
കാണാതെ, കടലിന്റെ
മദ്ധ്യത്തിലലയുന്നും
ഭാവനാസുസമ്പന്നൻ!
അമ്പട, കവിതയേ,
നിന്നെ നിസ്സംഖ്യമാം
സമ്പത്തു മനുഷ്യത്വം
തീണ്ടാത്തതാക്കിത്തീർത്തു!"
എന്തയാൾ സമാധാനം
ചൊല്ലിടും? മുങ്ങീകവി
ചിന്തയിൽ; നിലകൊണ്ടു
നിശ്ചലം കുറേനേരം.
നിർത്തിയില്ലയാൾ കഷ്ട-
മെന്തിനാണിതുവിധം
മർത്ത്യനായ് ജീവിക്കുന്നു;
നിഷ്ഫലം നിൻ ജീവിതം.
ആക്രാന്തമൊരു ലേശ-
മിക്കൃതികളാർത്താങ്ക-
ളാർത്തത്രാണനം ചെയ്തു
നേർവഴി കാട്ടീട്ടുണ്ടോ?.
പറയൂ സുഹൃത്തേ, നീ
കലയെപ്പാഴാക്കീട്ടു
ഫലമെന്തുള്ളൂ; കാല-
മലസം കഴിക്കാമോ?"

ആക്ഷേപിതൻ നേത്രത്തി-
ലശ്രുതൻ കണികക-
ളങ്കുരിച്ചുടനട-
നടന്നീണ്ടുമണ്ണിൽ.
ഓതിനാൻ വീണ്ടും,
'അതേ, പശ്ചാത്താപംതാനത്രേ'
പൂതമായ് പ്രബുദ്ധമായ്-
ത്തീർക്കുന്നു ഹൃദയത്തെ.
ഉണരൂ, പിടഞ്ഞെഴു-
ന്നേല്ക്കുവെന്നല്ലീയെന്നു-
മുദയാർക്കരശ്മിക-
ളുരപ്പതാരത്തുല്ലാസം?"
സുഹൃത്തിൻ മുഖത്തൊരു
പുഞ്ചിരിപ്പൊടിപ്പതാ
സരസം തൊട്ടിട്ടുണ്ടു
വിരിഞ്ഞീടുന്നു മന്ദം.

II

സന്ധ്യതൻ വരവിങ്കൽ
സാഗരതരംഗങ്ങൾ
സംഗരപ്പെരുമ്പറ
മേൽക്കുമേൽ മുഴക്കുമ്പോൾ,
മാരുതനതിൻ ധീര-
സന്ദേശം പാടിപ്പാടി-
പ്പാരമ്യപരിസരം
കോൾമയിർക്കൊള്ളിക്കുമ്പോൾ,
ഒരു മോഹനഗാന-
മുയർന്നങ്ങലിയുന്നു
വിരവോടത്യുന്നത
വിയന്മണ്ഡലങ്ങളിൽ.
ആരതിൻ കർത്താവെന്നോ?
പശ്ചാത്താപാശ്രുക്കളാ-
ലാരചിതം താനതിൻ-
ചരിത്രം മനോഹരം.
ഇന്നൊരു ജനകീയ-
കവിയായുയർന്നായാൾ;
തൻനാട്ടിൻ വിമോചനൈ-
കോദ്യുക്തനായ് തീർന്നായാൾ.
ദാരിദ്ര്യ, മസ്വാതന്ത്ര്യ,-
മന്യോന്യമാത്സര്യവും
ദൂരീകരിക്കാനാണാ-
കൃതികൾ നിയുക്തങ്ങൾ.

മർദ്ദിതസിരാരക്തം
തിളയ്ക്കുമല്ലു കേൾക്കെ-
യത്രമേൽ ദേശപ്രേമ-
പ്രോജ്ജ്വലമസ്സംഗീതം!
കഷ്ടകനേത്രത്തിൽ നി-
ന്നുറയുമാനന്ദാശ്രു-
വർഷം—അതുമമലാശാ-
ഭാസുരമസ്സുന്ദരം!

III

ചരമാർക്കാംശുക-
ളുത്തരംഗിണിയുടെ
താളാമോം തിര-
മാലയിൽ ബിംബിയ്ക്കുമ്പോൾ,
പുല്ലുകൾക്കു കൂപ്പാടി
കടന്നെന്നെ മന്ദ-
മധുര മനോഹര-
നിമ്നഗയെ പുല്കുമ്പോൾ,
അവനിത നാകതമാ-
മധരം കടലിന്റെ
സുന്ദരകപോലത്തി-
ലലസം പതിയുമ്പോൾ,
കരയിൽ നിന്നൊരു
വികാരം തുളുമ്പുന്ന
കരുണാർദ്രസംഗീത-
മുന്നിൽ കേൾക്കാനിന്നും.

അടിമത്തത്തിൽ പ്പൂഴ്ന്ന
നാട്ടിന്നു വിമോചന-
മരുളാനശ്രാന്തം തൻ
ജീവിത സന്ദേശങ്ങൾ.
ആരൊരാള നാഭ്യന്ത-
മന്തരീക്ഷത്തിൽ നിത്യം
ധീരധീരമായിന്നും
മാറ്റൊലിക്കൊള്ളിയ്ക്കുന്നു,
അമ്മഹാകവിയുടെ
പാവനസ്മരണയ്ക്കാ-
യന്നാരോ നിർമ്മിച്ചൊരു
കുടീരമാണിക്കാണ്മൂ.
എത്ര പേരതിൻ മുന്നി-
ലാദരാൽ കൈക്കൂപ്പി-
യുത്സമേതം ഗീതം
പാടി നിർവൃതിക്കൊൾവൂ!
ഒരു നാലമല-
യശ്ശുഭകുടീരത്തെ-
സ്സരസം തലോടീടും;
കുളിർകാറ്റോരാൽ വീശും.
വല്ലിമക്കളകള-
സംഗീതമുതിർത്താന
രമയാൽ പുഷ്പാഞ്ജലി-
പ്പൂക്കളർച്ചിയ്ക്കും മേന്മേൽ!


വായിച്ചു ചിരിക്കാം! ചിന്തിച്ചു രസിക്കാം!

## ‘ഡിംഡിമം’

(ഒരു ഉന്നത ഫലിതഗ്രന്ഥം.)

By K. G. Pillay, Editor, Chitrabhanu.

വില എട്ടണ. ഉടനെ അപേക്ഷിക്കുക:—

Manager, "CHITHRABHANU" Haripad.
(The Malayalam Punch)

# —പുതിയ പുസ്തകങ്ങൾ—

**കോമളനന്ദിനി.** (By കെ. എം. എൻ. ചെട്ടിയാർ) മലയാളഭാഷയിലെ ഏററവും ഉൽകൃഷ്ടമായ ഡിറെക്ടീവു നോവൽ. വില രൂ. ൨

**അത്ഭുതമോഹിനി.** (By ഡാക്ടർ പി. എസ്സ്. നായർ.) അത്ഭുതകരമായ ഡിറെക്ടീവു നോവൽ വില രൂ. ൧

**രാജം.** (By എൻ. ജി. കെ. തമ്പാൻ.) അതിശയകരമായ ഒരു ഡിറെക്ടീവു നോവൽ വില രൂ. ൧ ണ. ൨

**രക്തബാഷ്പം.** (By ചാമയിൽ രാമകൃഷ്ണപ്പണിക്കർ ബി. ഏ.) നവരസസന്ദാമായ പുതിയ സാമുദായിക നോവൽ. വില രൂ ൧

**മനോഹരി.** (By ചാമയിൽ രാമകൃഷ്ണപ്പണിക്കർ ബി. ഏ.) കരയാനും ചിരിക്കാനും, ചിന്തിക്കാനും പഠിക്കാനും വകയുള്ള നവീന സാമുദായിക നോവൽ. വില രൂ. ൧ ണ. ൮

**പ്രഭുകുമാരി** (By പയ്യംപള്ളിൽ ഗോപാലപിള്ള) സഹൃദയഹൃദയാഹ്ലാദകമായ പുതിയ സാമുദായികനോവൽ. വില രൂ. ൧ ണ. ൨

**ശാരദാ.** (By പയ്യംപള്ളിൽ ഒയ്യാരത്തു ചന്തുമേനോന്റെ ശാരദയുടെ മൂന്നാമത്തെ പുതിയ രണ്ടാംഭാഗം. വില രൂ. ൧ ണ. ൨

**ലളിത.** (By പാറയിൽ ഷംസുദ്ദീൻ.) ശോകസങ്കുലമായ ഒരു പ്രണയനോവൽ വില രൂ. ൧ ണ. ൪

**കുലാംഗന.** (By കെ. എം. എൻ. ചെട്ടിയാർ) നവരസങ്ങളും നിറഞ്ഞു് ലക്ഷണയുക്തമായ ഒരു സാമുദായികനാടകം. വില രൂ. ൧ ണ. ൮

**പ്രേമയാചകി.** (By കെ. എം. എൻ. ചെട്ടിയാർ) ഒരുത്തമ സാഹിത്യനാടകം. വില രൂ. ൧

**മഹിള.** (By കെ. എം. എൻ.) നാടകം വില രൂ. ൧

**രാഗസുഷമ.** (By പി. വി. കെ.) നാടകം. വില ണ. ൧൨

**മദനസാമ്രാജ്യം.** (കെ. എം. എൻ.) വില രൂ. ൨

**മലയാളനിഘണ്ടു** വലുതു്. വില രൂ ൫

ഉടൻ ആവശ്യപ്പെടുക:—

വിദ്യാരംഭം പ്രസ്സ & ബുക്കഡിപ്പോ,
മുല്ലയ്ക്കൽ, ആലപ്പുഴ.

# രാഷ്ട്രഭാഷയും ലിപിപ്രശ്നവും

എൻ. ഇ. വിശ്വനാഥയ്യർ. ബി. ഓ. എൽ. സാഹിത്യരത്നം.

സ്വാതന്ത്ര്യം സമാഗതമായതോടുകൂടി ഭാരതത്തിന് അനേകം പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതായി വന്നുകൂടിയിട്ടുണ്ട്. ഭക്ഷണപ്രശ്നം, വസ്ത്രപ്രശ്നം, ഗൃഹപ്രശ്നം മുതലായവ നമ്മെ ഇന്ന് ഉറ്റിച്ചുനോക്കുന്നു. രാഷ്ട്രക്ഷേമം വഹിക്കുന്ന നേതാക്കന്മാർക്ക് ഇവയെപ്പോലെ തന്നെ മനഃക്ലേശം നൽകിക്കൊണ്ടിരിക്കുന്ന മറ്റുപ്രശ്നങ്ങളിൽ ഒന്നാണ് രാഷ്ട്രഭാഷയുടെ പ്രശ്നം. രാഷ്ട്രഭാഷയോടനുബന്ധിച്ചു വേറൊരു മുഖ്യമായ വിഷയമാണ് ലിപിപ്രശ്നവും. പ്രഥമദൃഷ്ടിയിൽ വെറും നിസ്സാരമായി തോന്നുന്നുണ്ടെങ്കിലും ലിപിയുടെ പ്രശ്നം രാഷ്ട്രഭാഷയെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവമേറിയ ഒരു സമസ്യതന്നെ.

രാഷ്ട്രഭാഷയുടെ ലിപിയെ സംബന്ധിച്ചു ഇന്നോളം ഉന്നയിക്കപ്പെട്ടിട്ടുള്ള വാദമുഖങ്ങളെ മൂന്നായി തിരിക്കാം. രാഷ്ട്രഭാഷക്ക് ഒരു ലിപിയുടെ ആവശ്യം ഉള്ളൂ; അതു ദേവനാഗരീലിപിതന്നെയായിരിക്കണം എന്നാണ് ആദ്യത്തെ വാദം. ദേവനാഗരീലിപിയും പേർഷ്യൻ ലിപിയും രണ്ടും സ്വീകാര്യങ്ങളാണെന്ന രണ്ടാമതൊരു പക്ഷമുണ്ട്. ഈ രണ്ടഭിപ്രായങ്ങളെ ഉപേക്ഷിച്ച് ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച് മുതലായ ഭാഷകൾ എഴുതുവാനുപയോഗിക്കുന്ന റോമൻലിപിതന്നെ ഹിന്ദിക്കും സ്വീകരിക്കുന്നതായിരിക്കും നല്ലത് എന്ന മൂന്നാമത്തെ അഭിപ്രായം ഉള്ള ഭാരതീയരും ഒട്ടും കുറവല്ല. ഈ ഭിന്നാഭിപ്രായങ്ങളിലെ യുക്തികൾ വിശദമാക്കുകയും നാഗരീലിപിതന്നെ അല്പം ചില പരിഷ്കാരങ്ങളോടുകൂടി സ്വീകരിക്കണമെന്നുള്ള ന്യായങ്ങൾ പ്രതിപാദിക്കുകയും ചെയ്യുവാനാണ് എന്റെ പരിമിതമായ ഉദ്യമം.

ഹിന്ദി എഴുതുവാൻ റോമൻലിപിയാണ് പറ്റിയതെന്ന് അഭിപ്രായപ്പെടുന്നവരിൽ അധികവും പാശ്ചാത്യവിദ്യാഭ്യാസം സിദ്ധിച്ചവരാണ്. ഇന്ത്യൻ നേഷനൽ കോൺഗ്രസ്സിലെ പല പ്രമുഖനേതാക്കന്മാരും ഈ അഭിപ്രായത്തോടു യോജിക്കുന്നുണ്ട്. നേതാജി സുഭാഷ് ചന്ദ്രബോസ് കോൺഗ്രസ്സിന്റെ മുമ്പിൽ ലിപിസംബന്ധമായി സമർപ്പിച്ച നിർദ്ദേശം ഇതുതന്നെയായിരുന്നു. പ്രസിദ്ധനേതാവും ഗാന്ധിജിയുടെ കാര്യദർശിമാരിൽ ഒരാളും ആയ ശ്രീ: കെ. ജി. മശ്രൂവാലാ ഇയ്യിടെ 'ഇന്ത്യൻറിവ്യൂ' എന്ന പത്രത്തിൽ ഇതേ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. ഹിന്ദിക്കു റോമൻലിപി സ്വീകരിക്കുവാനുള്ള പ്രേരകങ്ങളിൽ ഒന്ന് അച്ചടി, ടൈപ്പ്റൈറ്റിംഗ് മുതലായവയ്ക്കുള്ള സൗകര്യമാകുന്നു. രണ്ടാമത് ഇംഗ്ലീഷ്, ജർമ്മൻ തുടങ്ങിയ പാശ്ചാത്യഭാഷകൾ എഴുതാൻ ഉപയോഗിക്കുന്ന ലിപി ഹിന്ദിക്കും സ്വീകരിച്ചാൽ ഹിന്ദിക്ക് ഭാരതത്തിലെന്നപോലെ ലോകമുഴുവൻ പ്രചാരം സിദ്ധിക്കും. ഇന്ന് ഇംഗ്ലീഷ് അറിയാവുന്നവർക്കെല്ലാം ഹിന്ദിലിപി പ്രത്യേകം പഠിക്കേണ്ട ആവശ്യവും നേരിടുകയില്ല. ഈ യുക്തികളെല്ലാം ആലോചിച്ചാൽ റോമൻലിപി സ്വീകാര്യമാണെന്നു തോന്നുന്നു.

പക്ഷേ ഇപ്പോൾ പ്രചാരത്തിലുള്ള പരിഷ്കൃതമായ ദേവനാഗരീലിപിയും റോമൻലിപിയും തമ്മിൽ താരതമ്യപ്പെടുത്തിനോക്കുമ്പോൾ നാഗരീലിപിയാണ് ഭേദമെന്നു സ്പഷ്ടമായിക്കാണാം. റോമൻലിപി സ്വീകരിച്ചാൽ ലിപികളുടെ സംഖ്യ കുറയുമെന്ന യുക്തി ശരിയല്ല. ഇംഗ്ലീഷ് ആദ്യമായി പഠിക്കുന്ന ഒരു വിദ്യാർത്ഥിയെ 26 ക്യാപ്പിറ്റൽ അച്ചടി അക്ഷരങ്ങൾ, 26 ചെറിയ അച്ചടിഅക്ഷരങ്ങൾ, 26 ക്യാപ്പിറ്റൽ എഴുത്തക്ഷരങ്ങൾ, 26 ചെറിയ എഴുത്തക്ഷരങ്ങൾ; ഇത്രയും പഠിപ്പിക്കുന്നുണ്ട്. ഇംഗ്ലീഷ് പഠിക്കുന്ന സന്ദർഭത്തിൽ ബാലനായ വിദ്യാർത്ഥി 104 ലിപികൾ പഠിക്കാനുള്ള ക്ലേശം വകവെയ്ക്കുന്നില്ല എന്നു മാത്രമേ ഉള്ളൂ. എന്നാൽ ദേവനാഗരീലിപിയിൽ

സകല സംയുക്താക്ഷരങ്ങളും കൂടി കഷ്ടിച്ചു നൂറോളം ലിപികളുണ്ടായിരിക്കുമോ എന്നു സംശയമാണ്. ഹിന്ദി എഴുതുന്ന റോമൻലിപിയിൽ ഈ നാലുഭേദങ്ങൾ സ്വീകരിക്കുന്നില്ലെങ്കിൽത്തന്നെയും ഇരുപതിലധികം പുതിയ ലിപികൾ നിർമ്മിച്ചാലേ പ്രസ്തുതലിപിയിൽ ഹിന്ദി എഴുതുവാൻ സാധിക്കയുള്ളൂ.

ഹിന്ദിക്കുവേണ്ടി പുതിയ ലിപികൾ പലതും നിർമ്മിച്ച് ഒരു പുതിയ ലിപിമാലതന്നെ രചിച്ചുവെന്നു വിചാരിക്കുക. അപ്പോൾ പല വൈഷമ്യങ്ങൾ നമുക്ക് അനുഭവപ്പെടും. വടക്കേഇന്ത്യയിലെ ജനങ്ങളിൽ ഭൂരിഭാഗം ജനങ്ങൾക്കും ഹിന്ദിഭാഷ ദേവനാഗരിലിപിയിൽ എഴുതാൻ അറിയാം. ഉത്തരേന്ത്യയിൽ ദക്ഷിണേന്ത്യയെക്കാൾ ഇംഗ്ലീഷുഭാഷയുടെ ജ്ഞാനം വളരെക്കുറവാണ്. പുതിയ റോമൻ ലിപിയിൽ ഭാഷയെഴുതേണ്ടിവരുമ്പോൾ മിക്ക ജനങ്ങളും പഴയ ലിപി മറന്നു പുതിയ ലിപി പഠിക്കേണ്ടതായി വന്നുകൂടും. ഇന്ന് ഇന്ത്യയിൽ ഇംഗ്ലീഷ് സാമാന്യം അറിയാവുന്നവരുടെ അങ്കസംഖ്യ ഒന്നും അധികം ഇല്ലല്ലോ. ഇപ്പോൾ പ്രചാരത്തിലുള്ള പ്രധാനപ്പെട്ട ഹിന്ദിഗ്രന്ഥങ്ങൾ മിക്കതും പുതിയ ലിപിയിൽ പ്രസിദ്ധീകരിക്കുക എന്ന പുതിയ പ്രശ്നവും ഉദിക്കുന്നു. പുതിയ പ്രസിദ്ധീകരണം കഴിയുമ്പോൾ അടുത്ത പത്തു പതിനഞ്ചു കൊല്ലങ്ങൾക്കകം ഇന്നത്തെ നല്ല ഹിന്ദിഗ്രന്ഥങ്ങളിലധികവും പഴയ താളിയോലഗ്രന്ഥങ്ങളെപ്പോലെ കേവലം പ്രദർശനവസ്തുക്കളായി ശേഷിക്കാനും ഇടയുണ്ട്.

പുതിയ ലിപികൾ വളരെ വിചിത്രമായിരിക്കുമെന്നുള്ള കാര്യവും ശ്രദ്ധേയമാണ്. ഈ ഇംഗ്ലീഷിലുള്ള ഉച്ചാരണത്തിൽനിന്നു വിഭിന്നമായിരിക്കും ഹിന്ദിയിലെ റോമൻ ലിപികളുടെ ഉച്ചാരണം. ഉദാഹരണമായി ഒന്നുരണ്ടു ലിപികളുടെ കാര്യംതന്നെ നോക്കുക: 'e' എന്ന ലിപിക്ക് ഇംഗ്ലീഷിൽ 'ഇ' 'എ' എന്നീ രണ്ടുച്ചാരണങ്ങളും ഉണ്ട്. ഹിന്ദിയെഴുതുമ്പോൾ 'e'ക്കു 'എ' എന്ന ഉച്ചാരണം മാത്രമേ കല്പിക്കപ്പെടുകയുള്ളൂ. ഹിന്ദിയിൽ ഹ്രസ്വമായ 'എ' സാധാരണ പ്രചാരത്തിലില്ലതാനും. ഇതുപോലെ 'C' എന്ന ലിപിക്ക് ഇംഗ്ലീഷിൽ 'ക' എന്നാണു സാധാരണ ഉച്ചാരണം. പക്ഷേ ഹിന്ദിയിൽ 'C' 'ശ' ആയിട്ടേ ഉച്ചരിക്കാൻ നിവൃത്തിയുള്ളൂ. അനുനാസികംപോലെ ഹിന്ദിക്കുമാത്രം ഉള്ള ചില ചിഹ്നങ്ങൾ സൂചിപ്പിക്കാൻ പുതിയ ലിപികൾ തന്നെ വേണ്ടിവരുമെന്നുള്ളതും മുമ്പു പ്രസ്താവിച്ചുവല്ലോ. പുതിയ റോമൻലിപികൾ നിർമ്മിക്കുമ്പോൾ ഇന്ന് ഇംഗ്ലീഷിൽ സംഭവിക്കാറുള്ള അക്ഷരപ്പിശകുകളും ഹിന്ദിയിലും ധാരാളമായി വന്നുചേരും. ഭാഷാശാസ്ത്രജ്ഞന്മാർ ഭാരതീയഭാഷകൾ എഴുതാൻ ഇന്നും റോമൻ ലിപിമാല ഉപയോഗിക്കുന്നുണ്ടെങ്കിലും പ്രസ്തുതലിപിമാല സർവ്വസമ്മതമോ പൂർണ്ണമോ അല്ല. അതിലെ ലിപികൾക്കു പലതിനും പല ഉച്ചാരണമാണു പാശ്ചാത്യപണ്ഡിതന്മാർ കല്പിച്ചുകാണുന്നത്. Cakuntala എന്നും Sakuntala എന്നും രണ്ടുതരം 'ശകുന്തള' എന്ന പദം എഴുതാറുണ്ട്. Transtiteration എന്നറിയപ്പെടുന്ന ഈ ലേഖനസമ്പ്രദായം വളരെ ജടിലം ആണെന്നു ഈ ലിപിയിൽ എഴുതിട്ടുള്ള സംസ്കൃതവാക്യങ്ങൾ വായിക്കുമ്പോൾ അനുഭവപ്പെടാറുണ്ട്. ഇങ്ങിനെ നോക്കുമ്പോൾ വൈജ്ഞാനികവും പൂർണ്ണവുമായ നാഗരീലിപി ഉപേക്ഷിച്ചിട്ടു ക്ലിഷ്ടവും അപൂർണ്ണവുമായ റോമൻലിപി സ്വീകരിക്കുന്നതു ബുദ്ധിയുക്തമല്ലെന്നു സ്പഷ്ടമാണ്.

പേർഷ്യൻലിപിയെ ഭാരതത്തിന്റെ രാഷ്ട്രലിപിയാക്കണമെന്ന വാദമുഖവും നാലുമാസങ്ങൾക്കുമുമ്പുവരെ പുറപ്പെട്ടുകൊണ്ടിരുന്നു. അറബിപോലെ വലതുഭാഗത്തുനിന്ന് ഇടത്തുഭാഗത്തേക്ക് എഴുതപ്പെടുന്ന ഒരു ലിപിയാണു പേർഷ്യൻലിപി. ഇന്ത്യയിലെ 80ശതമാനം മുസൽമാന്മാർക്കും യൂ. പി. കാശ്മീർ, ഹൈദരാബാദ് മുതലായ പ്രദേശങ്ങളിലെ മിക്ക ഹിന്ദുക്കൾക്കും പേർഷ്യൻലിപി നല്ലപോലെ അറിയാം. ഹിന്ദീഗദ്യം മനോഹരമായ ശൈലിയിൽ ഇന്ന് എഴുതാറുള്ള പല ലേഖകന്മാരും ആദ്യം പേർഷ്യൻലിപിയിൽ എഴുതപ്പെടുന്ന ഉർദുവിലാണു സാഹിത്യരചന ആരംഭിച്ചത്. ഉർദു ശൈലിയാണ് അവർക്കു മനോഹരമായ ഗദ്യത്തിന്റെ മാതൃക നൽകിയത്. നാഗരീലിപികളെക്കാൾ പേർഷ്യൻലിപികളുടെ സംഖ്യ കുറ

യുമെന്ന ഒരു കൂട്ടം പേർഷ്യൻ ലിപിക്കാണു്. നാഗരാക്ഷരങ്ങളെക്കാൾ വേഗത്തിൽ പേർഷ്യൻലിപി എഴുതാനും സാധിക്കും. മേൽപ്പറഞ്ഞ തത്വങ്ങളെ അടിസ്ഥാനമാക്കി മുസ്ലിം സഹോദരന്മാരിൽ ചിലർ ഉർദുഭാഷ രാഷ്ട്രഭാഷയായും പേർഷ്യൻലിപി രാഷ്ട്രലിപിയായും സ്വീകരിക്കണമെന്നു് അടുത്ത കാലംവരെ വാദിച്ചുകൊണ്ടിരുന്നു എന്നാൽ പാകിസ്ഥാൻഗവർമ്മെണ്ടു സ്ഥാപിച്ചതിൽ പിന്നീടു ഈ വാദം കേൾക്കാറില്ല. പാകിസ്ഥാൻ ഗവർമ്മെണ്ടു ഉർദുവിനെ രാഷ്ട്രഭാഷയായും പേർഷ്യൻലിപിയെ രാഷ്ട്രലിപിയായും സ്വീകരിച്ചുകഴിഞ്ഞതാണു് ഇതിന്റെ കാരണം. പേർഷ്യൻലിപിക്കുള്ള ന്യൂനതകളും അതിനെ രാഷ്ട്രഭാഷയായി സ്വീകരിക്കാതിരിക്കാൻ തക്ക കാരണമാണു്. ഈ വാദത്തിനു ഇപ്പോൾ പ്രചാരമില്ലാത്തതിനാൽ ഈ ലേഖനത്തിൽ അതിന്റെ വിശദമായ ചർച്ചക്കു് ഒരുമ്പെടുന്നില്ല.

ദേവനാഗരീലിപിയും പേർഷ്യൻലിപിയും രണ്ടും രാഷ്ട്രലിപികളായി സ്വീകരിക്കണമെന്ന ഒരഭിപ്രായവും ഈയിടെ ആരംഭിച്ചിട്ടുണ്ടു്. 19 2-ാം വർഷം ആരംഭിച്ച ഈ പുതിയ പ്രസ്ഥാനത്തിന്റെ നേതൃത്വം വഹിക്കുന്നതു ലോകവന്ദ്യനായ മഹാത്മാഗാന്ധിയാകുന്നു. ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും പരസ്പരം ഏറ്റവും ഇണങ്ങിസംസാരിക്കാനും തോളോടുതോൾ ചേർന്നു നാട്ടിന്റെ നന്മക്കുവേണ്ടി യത്നിക്കാനുമുള്ള ഒരു രാജമാർഗ്ഗമായിട്ടാണു മഹാത്മജി പുതിയ പ്രസ്ഥാനത്തെ വ്യാഖ്യാനിക്കുന്നതു്. ഈ രണ്ടു ലിപികൾക്കും അനുഗുണമായ ഹിന്ദുസ്ഥാനി എന്നറിയപ്പെടുന്ന—കൂട്ടുഭാഷാ സ്വരൂപം ഇൻഡ്യയുടെ രാഷ്ട്രഭാഷയായിരിക്കണമെന്നും അദ്ദേഹം അഭിലഷിക്കുന്നു. പക്ഷേ മഹാത്മജിയുടെ മഹനീയങ്ങളായ പല നിർദ്ദേശങ്ങൾക്കും കിട്ടിയ ബഹുമതി ഈ നിർദ്ദേശത്തിനു കിട്ടീട്ടില്ല എന്ന പരമാർത്ഥം വ്യസനസമേതം സൂചിപ്പിക്കാതെ തരമില്ല. വർഗ്ഗീയവിദ്വേഷം നിമിത്തം കലുഷിതമായ ഇന്നത്തെ അന്തരീക്ഷത്തിൽ മുസ്ലീം സഹോദരന്മാരിൽ പലരും ഈ നയം തങ്ങളെ അകപ്പെടുത്താനുള്ള കിണിയാണെന്നു തെറ്റിദ്ധരിക്കു ന്നു. പാകിസ്ഥാൻ ഗവർമ്മെണ്ടു സ്ഥാപിച്ചുകഴിഞ്ഞ സ്ഥിതിക്കു നമുക്കു പേർഷ്യൻലിപി ആവശ്യമില്ലെന്നു ഹിന്ദുക്കളും വാദിക്കുന്നു. തന്നിമിത്തം പത്തിരുപതുകൊല്ലങ്ങൾക്കു മുമ്പുവരെ മഹാത്മജിയെ സദാ സ്തുതിച്ചുകൊണ്ടിരുന്ന ഹിന്ദിലേഖകരിൽ പലരും ഇന്നു അദ്ദേഹത്തെ ഒരു അപഹാസ്യനായ മുസ്ലീംഭക്തനായിത്തന്നെയും കരുതുന്നില്ലേ? എന്നു സംശയം തോന്നുന്നുണ്ടു്. ഇതുകൊണ്ടൊന്നും മഹാത്മജിയുടെ ദൃഢമായ വിശ്വാസത്തിനു ഉടവുതട്ടീട്ടില്ല. സത്യത്തിന്റെ വിജയത്തിലും സൌഹാർദ്ദത്തിന്റെ മഹത്വത്തിലും ദൃഢമായി വിശ്വസിക്കുന്ന ആ മഹാമനസ്വനോ വർഗ്ഗീയവിചാരംകൊണ്ടു മനസ്സാന്തരം സംഭവിക്കുന്നു? ഒരിക്കലും പുതിയ നയത്തിൽനിന്നും അദ്ദേഹം മാറുകയില്ല. ലോകാഗ്രഹത്തിന്റെ ഈ നയം സ്വീകരിക്കാത്തതിനാൽ അദ്ദേഹം നയം മാറുമെന്നു പ്രതീക്ഷിക്കേണ്ടതില്ല.

മഹാത്മജിയുടെ ഉദാരമായ നിർദ്ദേശം സ്വീകരിക്കാത്തതിനു യുക്തികളുമുണ്ടു്. ഹിന്ദി രാഷ്ട്രഭാഷയായതുകൊണ്ടു സകലപ്രവിശ്യകളിലെയും ജനങ്ങൾ ഒന്നുപോലെ ഹിന്ദി പഠിക്കേണ്ടിയിരിക്കുന്നു. ഹിന്ദി മാതൃഭാഷയല്ലാത്ത പ്രവിശ്യകളിലെ ജനങ്ങൾക്കു നാഗരിലിപിയിൽ ഹിന്ദി പഠിക്കുകതന്നെ പ്രയാസമെന്നിരിക്കെ എല്ലാവരും രണ്ടുലിപികളും പഠിക്കുന്നതു് അസാദ്ധ്യംതന്നെ. രണ്ടാമതു് പേർഷ്യൻലിപിക്കു പ്രാധാന്യം നൽകിയതു മുസ്ലീം സഹോദരന്മാരുടെ താല്പര്യങ്ങളെ മുൻനിറുത്തിയായിരുന്നു. ഈ നയംകൊണ്ടു സമരസാധികൾക്കു പകരം പരസ്പരദ്വേഷം വർദ്ധിക്കുകയാണു ഉണ്ടായതു്. ഹിന്ദിലേഖകന്മാർ അറബി-പേർഷ്യൻ പദങ്ങൾക്കു സ്വാഗതമരുളിയപ്പോൾ ഉർദുലേഖകന്മാർ സംസ്കൃതപദങ്ങളും സംസ്കൃതത്തിന്റെ തത്ഭവങ്ങളും തങ്ങളുടെ ഭാഷയിൽനിന്നു പുറന്തള്ളിക്കളഞ്ഞിട്ടു പകരം അറബി പേർഷ്യൻപദങ്ങൾ ധാരാളമായി ഉപയോഗിക്കാനാരംഭിച്ചു. പേർഷ്യൻലിപിയും ഉർദുഭാഷയുടെ പുളതായി പാകിസ്ഥാൻ ഗവർമ്മെണ്ടിന്റെ സംരക്ഷണത്തിൽ മേലാൽ അഭിവൃദ്ധിപ്പെടുകയും ചെയ്യും. ഈ സ്ഥിതിക്കു രണ്ടുലി

പിയും ഉർദ്ദുഭാഷയും പഠിച്ചു ക്ലേശിക്കേണ്ട കാര്യമില്ലതന്നെ. ഈ പരമാർത്ഥം മനസ്സിലാക്കി ഇൻഡ്യാഗവർമ്മെണ്ടു നാഗരീലിപിയിൽ എഴുതപ്പെടുന്ന ഹിന്ദിയെ രാജഭാഷയായി സ്വീകരിക്കയും ചെയ്തുകഴിഞ്ഞു.

ലിപിപ്രശ്നം ഇത്ര ജടിലമാണെങ്കിൽ ഇൻഡ്യക്കു ഒരു പുതിയ ലിപിതന്നെ നിർമ്മിക്കരുതോ? എന്ന ചോദ്യത്തിനവകാശമുണ്ടു്. അതുതന്നെയാണു നമ്മുടെ ആവശ്യവും. സമ്പൂർണ്ണവും വൈജ്ഞാനികവും സുഗമവുമായ ഒരു പുതിയ ലിപിമാല രാഷ്ട്രഭാഷയ്ക്കുണ്ടാകുമാണെങ്കിൽ അതിൽ കൂടുതൽ കാമ്യമായി മറ്റൊന്നുമില്ല. പല പണ്ഡിതന്മാരും പുതിയ രാഷ്ട്രലിപി കണ്ടുപിടിക്കാൻ യത്നിച്ചിട്ടുണ്ടു്. ഇന്നും രാജ്യത്തിന്റെ നാനാഭാഗത്തു് ഒരു ലിപിമാലകണ്ടുപിടിക്കാൻ യത്നം നടന്നുകൊണ്ടുതന്നെയിരിക്കുന്നു. ഇതേവരെ സർവ്വസമ്മതമായ ലിപിമാല നമുക്കു കിട്ടീട്ടില്ല. അടുത്ത ഭാവിയിലെങ്കിലും ഒരു പുതിയ ലിപിമാല ലഭിക്കുമെന്നു നമുക്കാശിക്കാം. പുതിയ ലിപികൾ ഉണ്ടാകുന്നതുവരെ ഇന്നത്തെ നാഗരീലിപിയിൽ ഹിന്ദി എഴുതുന്നതാണു് നല്ലതു്. ഭാരതീയ ലിപികളിൽ വച്ചു് ദേവനാഗരീലിപിപോലെ പൂർണ്ണവും വൈജ്ഞാനികവുമായ വേറെ ലിപി ഇല്ലെന്നുപറയാം. ദേവനാഗരീലിപിയെപ്പറ്റി ഒരു വിദേശീയൻതന്നെ പറയുന്നതു നോക്കുക:

The system, an outcome of the remarkable philological and phonological precision the early Indians surpassed all ancient peoples, has been of priceless service: it has provided all the languages with an exact reflex of their pronunciation, and it furnishes the philologist with a measure whereby to estimate their history. Nor has this alphabetic legacy from Aryan India confined its benefits to the languages of the subcontinent. Ceylon and the Malay Islands, Further India, Tibet and Central Asia were equipped with exact notations, which record their pronunciation at the time: China had consented to adopt a similar philological equipment, many troublesome obscurities in its linguistic history would have been precluded and its written character would have lost its terror." (The legacy of India. Ed. by G. T. Garrat Oxford PP. 46.) ദേവനാഗരീലിപി ഇപ്പോൾ സംസ്കൃതം, ഹിന്ദി, മറാഠി എന്ന മൂന്നു ഭാഷകൾ എഴുതാൻ ഉപയോഗിച്ചുവരുന്നുണ്ടു്. ഗുജറാത്തി ലിപിക്കും ദേവനാഗരീലിപിക്കും തമ്മിലും സാമ്യം കാണുന്നു. ഇന്നു ഭാരതത്തിലെ ഒരു നല്ല ജനവിഭാഗത്തിനു ദേവനാഗരീലിപി അറിയാം. ഇങ്ങനെ പല ന്യായങ്ങൾകൊണ്ടും ദേവനാഗരീലിപി രാഷ്ട്രലിപിയായി സ്വീകരിക്കുന്നതിൽ അസാംഗത്യമല്പംപോലും ഇല്ല

ദേവനാഗരീലിപിയുടെ രൂപത്തിനു വലിയ മാറ്റം വരുത്താതെ അതിനെ മെച്ചപ്പെടുത്താനുള്ള ശ്രമവും നടന്നുകൊണ്ടിരിക്കുന്നു. വാർദ്ധായിലെ ഹിന്ദിപ്രചാരകരുടെ ശ്രമത്തിന്റെ ഫലമായി 'വാർദ്ധാ ലിപിപദ്ധതി' എന്നറിയപ്പെടുന്ന പുതിയ ലിപിമാലയ്ക്കു ഇന്നു പ്രചാരം വർദ്ധിച്ചുവരുന്നുണ്ടു്. വാർദ്ധയിലെ ഹിന്ദുസ്ഥാനീ പ്രചാരസഭയുടെ പ്രധാനകാര്യദർശിയായ കാകാ കാലേൽക്കരും അദ്ദേഹത്തിന്റെ സ്നേഹിതന്മാരുമാണു് ഈ ലിപിയിൽ ഹിന്ദി എഴുതാൻ ആരംഭിച്ചതു്. ഹിന്ദുസ്ഥാനിപ്രചാരസഭയുടെ പുസ്തകങ്ങളും പ്രസിദ്ധമായ 'ഹരിജൻ' വാരികയും അച്ചടിക്കപ്പെടുന്നതു് ഈ ലിപിയിലാകുന്നു. കർണ്ണാടക പ്രവിശ്യയിലെയും മഹാരാഷ്ട്രദേശത്തിലെയും ഹിന്ദിവിദ്യാർത്ഥികൾ ഈ ലിപിയിൽ അനായാസേന ഹിന്ദി എഴുതുന്നുണ്ടു്. ഈ പദ്ധതി ഭാഷയെഴുതുവാനുള്ള പ്രയത്നം വളരെ ലഘുപ്പെടുത്തിയിട്ടുണ്ടെന്നുള്ളതിൽ തെല്ലും സംശയമില്ല.

വാർദ്ധാലിപിമാലയിൽ പണ്ടത്തേതിനെക്കാൾ ഏഴു സ്വരലിപികൾ കുറവാണു്. വ്യഞ്ജനങ്ങളോടു 'ഇ' 'ഈ' 'ഉ' 'ഊ' 'ഏ' 'ഐ' 'ഒ' എന്നീ സ്വരങ്ങൾ ചേർക്കുവാൻ ഉപയോഗിക്കുന്ന ചിഹ്നങ്ങൾതന്നെ അകാരത്തോടു

ചേർത്തു സ്വരങ്ങൾ നിർമ്മിക്കുകയാണു ചെയ്യുന്നതു്. ഉദാ:— അാ, അി, അീ, അെ മുതലി. പുതിയ ലിപി സമ്പ്രദായത്തിൽ ങ, ഞ, ണ, ന, മ എന്ന അഞ്ചു അനുനാസികങ്ങൾ മറ്റു വ്യഞ്ജനങ്ങളോടു കൂട്ടിച്ചേർത്തു കിട്ടുന്ന സംയുക്താക്ഷരങ്ങളില്ലെന്നുള്ളതു വേറൊരു സൌകര്യമാകുന്നു. സന്ദർഭത്തിൽ അടുത്ത വ്യഞ്ജനത്തോടുകൂടി അനുസ്വാരം ചേർത്തുച്ചരിക്കുമ്പോൾ ആ അനുസ്വാരത്തിന് അനുനാസികത്തിന്റെ ഉച്ചാരണം സ്വയംകിട്ടിക്കൊള്ളും. അതിനുപ്രത്യേകം അനുനാസികത്തിന്റെ ആവശ്യം നേരിടുകയില്ല. പുതിയരീതിയിൽ മറ്റു സംയുക്താക്ഷരങ്ങൾ എഴുതുന്നതും വളരെ എളുപ്പമാണ്. വ്യഞ്ജനങ്ങൾ തമ്മിൽ ചേർത്തെഴുതണമെന്നല്ലാതെ വിചിത്രമായരീതിയിൽ ഒന്നിനു ചുവട്ടിൽ ഒന്നായും ചില വ്യഞ്ജനങ്ങളെ പകുതിയാക്കിയും എഴുതേണ്ട ആവശ്യമേ ഇല്ല.

പുതിയ ലിപിമാലയിലെ ലിപികളുടെ സംഖ്യ കുറവായതുകൊണ്ടും സംയുക്താക്ഷരങ്ങൾ അധികം ക്ലിഷ്ടങ്ങളല്ലാത്തതിനാലും അച്ചടിമുതലായവയ്ക്കു നാഗരിലിപിപദ്ധതി വളരെ സൌകര്യമുള്ളതാണ്. ക്ലേശങ്ങളൊന്നുമില്ലെങ്കിൽ പുതിയ പദ്ധതി സ്വീകരിക്കുന്നതിൽ ആർക്കും വിരോധം ഉണ്ടാകാനിടയില്ലല്ലോ. ഈ പുതിയ ലിപിപദ്ധതി സ്വീകരിക്കയും ലിപികൾ പഠിക്കയും ചെയ്യാൻ മറ്റുള്ള ലിപികൾ സ്വീകരിക്കണമെന്ന വാദംതന്നെ പുറപ്പെടുകയില്ലെന്നാണ് എന്റെ വിനീതമായ വിചാരം. കേരളത്തിലെ ഹിന്ദീപ്രേമികളും പുതിയ ലിപികൾ പഠിക്കുന്നതു ഹിന്ദി പഠിക്കാനും പ്രചരിപ്പിക്കുവാനും സൌകര്യമായിരിക്കും.

---

“ജയലക്ഷ്മി ആയുർവ്വേദഫാർമസി.”

ആലപ്പുഴ, തിരുവിതാംകൂർ.

പല്ലുകൾ സൂക്ഷിക്കുവിൻ.

ജയലക്ഷ്മി പല്പൊടി.

പല്ലിന്റെ ഊനിൽ പഴുപ്പ്, രക്തച്ചൊരിച്ചിൽ, ഇളക്കം, പുളിപ്പ് മുതലായ സകലവിധ ദന്തരോഗങ്ങളേയും വേരോടെ നശിപ്പിച്ച് വായ്ക്കു സുഗന്ധവും, രുചിയും, പല്ലിന് ഉറപ്പും ധവള്യവും കൊടുക്കുന്നു.

പാക്കററ് ഒന്നുക്ക് രണ്ടണ. 100 പാക്കററിന് 10 രൂപാ. 50 പാക്കററിൽ കുറഞ്ഞ് വി. പി. അയയ്ക്കുന്നതല്ല.

II. ഞങ്ങളുടെ ഗർഭരക്ഷാഗുളിക.

ഗർഭിണികൾക്കു ഉണ്ടാകാറുള്ള വായുക്ഷോഭം, ഛർദ്ദി, കൃമിയുപദ്രവം, നീര്, രക്തക്കുറവ്, ശോധനക്കുറവ്, മൂത്രതൃഷ്ണങ്ങൾ, ഗർഭസ്രാവം, ഗർഭശോഷം മുതലായ സകലവിധ ഉപദ്രവങ്ങളേയും മാററി സുഖപ്രസവത്തെയു, ആരോഗ്യത്തേയും പ്രദാനം ചെയ്യുന്ന ഒരു അനുഭവസിദ്ധൌഷധം.

60 ഗുളിക അടങ്ങിയ ഡപ്പി ഒന്നുക്ക് വില രൂപ ഒന്നുമാത്രം.

N. B. ഇവിടെ എല്ലാവിധ ആയുർവേദ ഔഷധങ്ങളും മിതമായ വിലയ്ക്കു വില്ക്കുന്നതും, രോഗവിവരം എഴുതി അറിയിച്ചാൽ ചികിത്സ നിശ്ചയിച്ച് ഔഷധങ്ങൾ വി. പി. അയച്ചുകൊടുക്കുന്നതുമാണ്.

വൈദ്യൻ, വി. കൃഷ്ണപിള്ള,

Reg: No. 567, Class A (Tr. M. P. ACT)

# അശ്രുബിന്ദു.

എം. പ്രഭ.

പൂക്കൾ!

പ്രപഞ്ചത്തിന് മനുഷ്യനോടുള്ള പ്രേമത്തിന്റെ പ്രതിബിംബമായ പുഞ്ചിരിയായ പൂക്കൾ മഹനീയമായ വർണ്ണവിശേഷത്തോടൊത്തു ഓർമ്മയ്ക്കു താലോലിക്കാൻ കഴിയാത്ത സുഗന്ധം അവയിൽ നൃത്തം ചെയ്യുന്നു.

മധുവിധുവിന്റെ മഹനീയമകരന്ദം, പ്രഥമാവലോകനത്തിൽതന്നെ പ്രോജ്വലിക്കുന്ന പ്രേമത്തിന്റെ വശ്യത—അവ പൂക്കളുടെ രോമാഞ്ചമാണ്.

ഹാ! എന്റെ സ്വപ്നങ്ങൾ പൂക്കളായിരുന്നുവെങ്കിൽ!

സംഗീതം!

നീലാകാശത്തിന്റെ അന്തരംഗത്തിൽ ആന്ദോളനങ്ങൾ രചിച്ചുകൊണ്ടു നീന്തിപ്പോകുന്ന മാധുര്യത്തിന്റെ കിരണങ്ങൾ.

അതിനെ ആശ്ലേഷിക്കുവാൻ ആവേശത്തോടെ അണഞ്ഞുചെല്ലുന്ന എന്റെ കൈകളിൽനിന്നും അതു ചാടിപ്പോകുന്നു.

ഹൃദയത്തിന്റെ വികാരതരംഗങ്ങളിൽ, ആത്മാവിന്റെ അഗാധങ്ങളിൽ, അതു രൂപംകൊള്ളുന്നു അനന്തതയിൽ അതു വിലയം പ്രാപിക്കുന്നു.

ഹാ! എന്റെ സ്വപ്നങ്ങൾ സംഗീതമായിരുന്നുവെങ്കിൽ!

സ്വപ്നങ്ങളേ, എന്റെ സ്വപ്നങ്ങളേ, നിങ്ങൾ ആരാണെന്നു പറയാമോ? ഒരു നിശ്വാസത്തെപ്പോലെ നിങ്ങൾ ഉയർന്നുവരുന്നു. അസ്തമിക്കുന്നു.

ഒരു പുഷ്പത്തെപ്പോലെ നിങ്ങൾ വിരിയുന്നു, വാടുന്നു.

ഒരു സംഗീതത്തെപ്പോലെ നിങ്ങൾ ഞെട്ടിയുണരുന്നു, ഉത്തരക്ഷണത്തിൽ ഭൂതകാലത്തിന്റെ ഗുഹകളിൽ ചെന്നുമറയുന്നു.

പക്ഷേ, എന്റെ സ്വപ്നങ്ങളേ, നിങ്ങൾ എന്തിന് ഭയചകിതരാകുന്നു? എന്റെ നിദ്രയുടെ നിഴലിൽ നിങ്ങൾ അക്രമണം നടത്തിയാലും യാഥാർത്ഥ്യത്തിന് ചെന്നെത്തുവാൻ കഴിയാത്ത ആനന്ദത്തിന്റെ ഉന്നതശൃംഗങ്ങളിലേക്ക പറന്നുചെന്നാലും, ദുഃഖത്തിന്റെ ഗർത്തങ്ങളിലേക്ക ഇറങ്ങിപ്പോയാലും, എനിക്ക ഒന്ന വേണ്ട, നിങ്ങളെപ്പറ്റിയുള്ള ഉദ്വേഗകമായ സ്മരണ എന്റെ കണ്ണുകൾക്ക സംഭാവന ചെയ്യുന്ന അമൂല്യമായ ഒരു അശ്രുബിന്ദുമാത്രം!

SREE RAMA VILASAM BANK
ALLEPPEY.
എല്ലാവിധ ബാങ്കിടപാടുകളും,
പ്രതിമാസച്ചിട്ടിയും നടത്തുന്നതാണ്.
Proprietor N. Rama Pai,

# പുതിയ വൈദ്യപുസ്തകങ്ങൾ.

## ശാർങ്ങ്ഗധരസംഹിതാ—

ഗ്രന്ഥാൎത്ഥചന്ദ്രിക എന്ന വ്യാഖ്യാനത്തോട്ടുകൂടിയ ചികിത്സാസാരസൎവ്വസ്വമായ ഒരു സുപ്രസിദ്ധ വൈദ്യഗ്രന്ഥം. വില രൂ. 2 അണ 4

## കുഷ്ഠരോഗസിദ്ധചികിത്സ—

സിദ്ധചികിത്സാപരമ്പരയിലുള്ളവർ രഹസ്യമായി വച്ചിരുന്ന അനവധി മഹായോഗങ്ങൾ അടങ്ങിയതു്.
വില രൂപാ 1 അണ 2

## പ്രമേഹരഹസ്യചികിത്സ—

ഈ പ്രമേഹചികിത്സയിൽ ഉള്ള എല്ലാ യോഗവും ഒന്നുപോലെ ഫലിക്കുന്നതും, ഏററവും രഹസ്യത്തിൽ സൂക്ഷിച്ചുവച്ചിരുന്നതുമാണു്
വില രൂ. 1 ണ. 2

## വിരസിംഹാവലോകനം—

മുകുരസ്ഥലീവ്യാഖ്യാനസഹിതം.

ഓരോ രോഗങ്ങൾക്കമുള്ള കൎമ്മവിപാകപ്രായശ്ചിത്തവിധികളും വ്യാധിശമനകരങ്ങളായ രഹസ്യസിദ്ധയോഗങ്ങളും അടങ്ങിയതു്.
വില രൂ 2 ണ. 4

## ആസവാരിഷ്ടയോഗമഞ്ജരി—

ഭാഷാവ്യാഖ്യാനസഹിതം.

ഫലപ്രദങ്ങളായ നൂറോളം ആസവാരിഷ്ടയോഗങ്ങൾ അടങ്ങിയതു്.
വില ണ. 12

## സഹസ്രയോഗം—

ഭാഷാവ്യാഖ്യാനസഹിതം

സാധാരണ സഹസ്രയോഗത്തിലുള്ളതിൽ കൂട്ടതലായി ഫലപ്രദങ്ങളായ പല വിശേഷയോഗങ്ങളും കൂട്ടിച്ചേൎത്തിട്ടുള്ളതു്.
വില രൂ 1 ണ. 6

## ആരോഗ്യദീപം—

ശരീരവും ആരോഗ്യവും സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും കൂണിസിസ്റ്റവും, മെസ്മരിസവും മററും സംബന്ധിച്ചുള്ള സകല ചികിത്സകളും അടങ്ങിയതു്. വില രൂ. 4 ണ. 8

## കർഷകബന്ധു അഥവാ
## കന്നുകാലിരോഗചികിത്സ—

കന്നുകാലികൾക്കു നേരിടുന്ന സകല രോഗങ്ങളുടെയും നിദാനങ്ങളും ചികിത്സകളും അടങ്ങിയതു്.
വില അണ 12

## ആരോഗ്യകല്പദ്രുമം ബാലചികിത്സ.

കയ്യൂളങ്ങര രാമവാൎയ്യർ അവർകൾ ഉണ്ടാക്കിയതും, അദ്ദേഹത്തിന്റെ വ്യാഖ്യാനത്തോട്ടുകൂടിയതും, വൈദ്യലോകപ്രസിദ്ധവുമായ ഒരു ദിവ്യഗ്രന്ഥം. വില രൂ 5 ണ. 4

---

മാനേജർ,
വി. വി. പ്രെസ്സ്,
കൊല്ലം.

# VIDYABHIVARDHINI

License No. 455. Regd. No. T. 116.
Dated 28-11-1945 Regd. No. M. 4891.


| വരിസംഖ്യ. | | പരസ്യക്കൂലി. | |
|---|---|---|---|
| ഒരു വർഷത്തേക്ക് 5 ബ്രി: രൂ. | സ്ഥിരപരസ്യക്കാർക്ക്. | | ഒരു പ്രാവശ്യത്തേക്ക് |
| ഒററ പ്രതിക്ക് 8 ണ. | മുഴുപ്പേജിനു് | 50 രൂ. | 8 രൂ. |
| ഇൻഡ്യയ്ക്കു പുറമേ 6 ബ്രി: രൂ. | അരപ്പേജിനു് | 30 ,, | 6 ,, |
| ,, ഒററ പ്രതിക്ക് 10 ണ. | കാൽപ്പേജിനു് | 20 ,, | 4 ,, |

## ലേഖകന്മാരോട്:—

ലേഖനങ്ങൾ കടലാസ്സിന്റെ ഒരുവശത്തുമാത്രം വൃത്തിയായി മഷികൊണ്ടെഴുതി ഓരോ ഇംഗ്ലീഷുമാസവും 15-ാം തീയതിക്കകം ഇവിടെ കിട്ടത്തക്കവണ്ണം അയച്ചിരിക്കണം. പ്രസിദ്ധീകരണത്തിനു സൗകര്യമില്ലാത്ത ലേഖനങ്ങൾ തിരിച്ചു കിട്ടണമെങ്കിൽ അതിലേക്കുള്ള സ്റ്റാമ്പ് അയച്ചിരിക്കേണ്ടതാണു്.

## വരിക്കാരോട്:—

ഇതേവരെ വരിസംഖ്യ അടച്ചിട്ടില്ലാത്തവർ ഈ ലക്കം കിട്ടിയാലുടൻ പണം മണിയാർഡർ ചെയ്യാൻ അപേക്ഷ.

വി. പി. എടുപ്പു് ഇരുകൂട്ടർക്കും നഷ്ടകരമാകയാൽ വരിസംഖ്യ എപ്പോഴും മുൻകൂറായിത്തന്നെ അയച്ചിരിക്കണം.

അഫീസ്സിലേക്ക് അയയ്ക്കുന്ന എല്ലാ കത്തുകളിലും മാസികയുടെ റാപ്പറിൽ കാണുന്ന അവരവരുടെ രജിസ്റ്റർ നമ്പർകൂടി കാണിച്ചിരിക്കേണ്ടതാണു്.

പണസംബന്ധമായ എഴുത്തുകൾ, മണിയാർഡർ ഇവ മാനേജരുടെ മേൽവിലാസത്തിലും, ലേഖനസംബന്ധമായവ എല്ലാം പത്രാധിപരുടെ മേൽവിലാസത്തിലും അയയ്ക്കേണ്ടതാണു്.

N. B. അഭിപ്രായത്തിനയയ്ക്കുന്ന പുസ്തകങ്ങളുടെ 2 പ്രതിവീതം അയച്ചിരിക്കണം മാസിക ഇംഗ്ലീഷു മാസം 15-ാം തീയതിക്കകം കിട്ടാത്തപക്ഷം വിവരം ആഫീസിൽ അറിയിക്കണം.

മാനേജർ,
വിദ്യാഭിവർദ്ധിനി, കൊല്ലം.


Edited, Printed and Published by M. Balakrishna Reddiar, at the Vidyabhivardhini Press, Quilon